## II. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

മി.സ്പീക്കർ: കാട്ടാന ആക്രമണത്തിൽ നിലമ്പൂർ-മൂത്തേടം ഉച്ചക്കുളം ഊരിലെ സരോജിനി മരണമടഞ്ഞതടക്കമുള്ള സംഭവങ്ങൾ വനയോര മേഖലയിലെ ജനങ്ങളിൽ ആശങ്കയുളവാക്കിയിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിന് സഭാനടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപം പരിഗണനയ്ക്കെടുക്കണമെന്നാവശ്യപ്പെട്ട് ഡോ. മാത്യു കുഴൽനാടൻ, സർവ്വശ്രീ എൻ. എ. നെല്ലിക്കുന്ന്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

### കാട്ടാന ആക്രമണം

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, നിലമ്പൂർ-മൂത്തേടത്ത് കാട്ടാന ആക്രമണത്തിൽ ഉച്ചക്കുളം ഊരിലെ സരോജിനി മരണമടഞ്ഞതും കോതമംഗലത്ത് ക്ണാച്ചേരി സ്വദേശി കോടിയാട്ട് എൽദോസ് മരിച്ച സംഭവവുമാണ് ബഹുമാനപ്പെട്ട എം.എൽ.എ.-മാർ നൽകിയിട്ടുള്ള നോട്ടീസിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. വനമേഖലയിൽ മാത്രമല്ല

ജനവാസകേന്ദ്രങ്ങളിലും വന്യമൃഗങ്ങളുടെ ആക്രമണമുണ്ടെന്നത് ഇന്നുണ്ടായൊരു അടിയന്തര സംഭവമല്ല. കുറച്ചുനാളായി സംസ്ഥാനത്ത് നിലനിൽക്കുന്നൊരു സംഭവമാണിത്. ഇവിടെ ചൂണ്ടിക്കാണിച്ച മുത്തേടത്തെ മരണവും അതുപോലെ കോതമംഗലത്ത് നടന്ന സംഭവവും വനത്തിനകത്താണ് നടന്നതെന്ന് ഓർക്കേണ്ടതുണ്ടെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. എന്നിരുന്നാലും ഇവരെ ആനുകൂല്യങ്ങൾക്ക് അർഹതയുള്ള വിഭാഗമായി പരിഗണിച്ച് ആനുകൂല്യങ്ങൾ നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇവിടങ്ങളിൽ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സമഗ്രമായ സമീപനമാണ് വനം വകുപ്പ് സ്വീകരിച്ചുവരുന്നത്. ഇന്ത്യയിൽ ആദ്യമായി വന്യജീവി ആക്രമണം സംസ്ഥാനത്തിന്റെ സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചുകൊണ്ടാണ് ഈ പരിഷ്കാര നടപടികൾക്ക് തുടക്കം കുറിച്ചത്. മരണമടഞ്ഞ വ്യക്തികളുടെ കുടുംബാംഗങ്ങൾക്ക് പത്തുലക്ഷം രൂപയാണ് നഷ്ടപരിഹാരമായി നൽകുന്നതെന്നതാണ് ഇതിന്റെ ഫലമായുള്ളൊരു സവിശേഷത. വനംവകുപ്പിന്റെ പരിമിതിയെ മറികടക്കാൻ സഹായകരമായൊരു നിലപാട് ഇതുമൂലം ഉണ്ടായിട്ടുണ്ട്. എസ്.ഡി.ആർ.എഫ്-ൽ നിന്നും നാലുലക്ഷം രൂപ

ഇതിനായി കൊടുക്കാനുള്ള സാഹചര്യമുണ്ടായിട്ടുണ്ട്. ഇതിന്റെ മുന്നോടിയെന്നുള്ള നിലയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, വനം - റവന്യൂ- തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിമാരുടെ യോഗം വിളിച്ച് ഒരു സമഗ്ര പരിപാടി തയ്യാറാക്കിയിരുന്നു. അങ്ങനെ തയ്യാറാക്കിയ പരിപാടിയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ വനമേഖലയെ 12 ഹോട്ട്സ്പോട്ടുകളായി തിരിച്ച് അവിടെ പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നത്. ഇക്കഴിഞ്ഞ വർഷങ്ങളിൽ വന്യജീവി ആക്രമണംമൂലം മരണങ്ങൾ കൂടിവരുന്നുവെന്നത് ശാസ്ത്രീയമായൊരു കണക്കാണെന്ന് ഞാൻ കരുതുന്നില്ല. കാരണം 2021-22-ൽ 114 മരണമാണ് നമ്മുടെ സംസ്ഥാനത്തുണ്ടായത്. തുടർന്നുള്ള വർഷങ്ങളിൽ 98, 94, 12 എന്നിങ്ങനെ മരണ സംഖ്യ കുറക്കാൻ സാധിച്ചിട്ടുണ്ട്. വനം വകുപ്പിലെ ജീവനക്കാർ പരിമിധികൾക്കുള്ളിൽ നിന്നുകൊണ്ട് കാര്യക്ഷമമായ പ്രവർത്തനം കാഴ്ചവയ്ക്കുന്നുണ്ടെന്നാണ് ഈ പറഞ്ഞ സംഭവ സ്ഥലങ്ങളിൽ നിന്നെല്ലാം ലഭിക്കുന്ന റിപ്പോർട്ടുകൾ. ഈ വിഷയം പൊതുവെ സമൂഹം ചർച്ച ചെയ്യേണ്ടതും ഭരണകൂടം ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യേണ്ടതുമാണ്. ആ പശ്ചാത്തലത്തിൽ

ഇതൊരു നിസാരമായ പ്രശ്നമായി ഞാൻ കരുതുന്നില്ലെങ്കിലും ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ഡോ. മാത്യു കുഴൽനാടൻ: സർ, ഈ വിഷയത്തോടുള്ള മന്ത്രിയുടെ പ്രതികരണം അങ്ങേയറ്റം നിർഭാഗ്യകരമാണ്. ഇത്രയും ഗൗരവമുള്ള വിഷയം സഭനിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ലെന്നാണ് അദ്ദേഹം അവസാനമായി സൂചിപ്പിച്ചത്. മാത്രമല്ല, ഇതിനെ ന്യായീകരിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ കാലങ്ങളിൽ വന്യജീവി ആക്രമണംമൂലം മരണത്തിന്റെ നിരക്ക് കുറഞ്ഞുവരികയാണെന്ന വാദംകൂടി മന്ത്രി വിചിത്രമായി ഉയർത്തുകയുണ്ടായി. അതിനെക്കാളെല്ലാം ഇന്ന് മലയോരമേഖലയിൽ ജീവിക്കുന്ന ജനങ്ങളോട് ഈ സർക്കാർ എത്ര സത്യസന്ധതയില്ലാതെയാണ് പെരുമാറുന്നുവെന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണിത്. ഈ കഴിഞ്ഞ നയപ്രഖ്യാപനത്തിലെ 65-ാം പേജിലെ ഒരു വരി ഞാൻ വായിക്കാം. 'കൂട്ടായ പരിശ്രമങ്ങൾ കൊണ്ട് വന്യമൃഗങ്ങളുമായുള്ള സംഘർഷത്തിൽ മനുഷ്യനഷ്ടം കുറയാൻ തുടങ്ങി' എന്നുപറയുകയാണ്. കഴിഞ്ഞ ഒന്നര മാസത്തിനുള്ളിലെ സംഭവം പരിശോധിക്കാം. നിലമ്പൂർ-മുത്തേടത്ത് കാട്ടാന ആക്രമണത്തിൽ ആദിവാസി

സ്ത്രീ മരിച്ചു. മൃതേടം ഉച്ചക്കുളം ഊരിലെ കരിയന്റെ ഭാര്യ സരോജിനി (52) ആണ് മരിച്ചത്. വീട്ടിനുപുറകിലുള്ള വനത്തിൽ ആടിനെ മേയ്ക്കാൻ പോയപ്പോൾ ആന പിറകിൽനിന്നും അടിച്ചുവീഴ്ത്തുകയായിരുന്നു. ഇത് 2025 ജനുവരി 15-ാം തീയതി നടന്ന വിഷയമാണ്. മുള്ളരിങ്ങാട് അമർ ഇലാഹി (24) എന്ന ചെറുപ്പക്കാരൻ ഡിസംബർ അവസാനം കാട്ടാനയുടെ ആക്രമണത്തിൽ മരിച്ചു. കോതമംഗലത്തെ ക്ണാച്ചേരി സ്വദേശി കൊടിയാട്ട് എൽദോസ് (45) കാട്ടാന ആക്രമണത്തിൽ കൊല്ലപ്പെട്ടത് ഡിസംബർ 24-ാം തീയതിയാണ്. ഡിസംബർ മാസത്തിൽതന്നെ കോതമംഗലം-നീണ്ടപാറ ചെമ്പൻകുഴിയിൽ കാട്ടാന പന മറിച്ചിട്ടുണ്ടായ അപകടത്തിൽ പരിക്കേറ്റ എഞ്ചിനീയറിംഗ് വിദ്യാർത്ഥി ആൻമേരി മരിക്കുകയും അൽത്താഫ് അപകടത്തിൽപ്പെടുകയും ചെയ്തു. നവംബർ മാസത്തിലാണ് കോതമംഗലത്ത് ഇന്ദിര എന്ന വീട്ടമ്മയുടെ മരണമുണ്ടായത്. ഇന്ദിരയുടെ മരണമുണ്ടായപ്പോൾ ആ ഗ്രാമത്തിൽ വളരെ വൈകാരികമായൊരു അന്തരീക്ഷമുണ്ടായി. ആളുകൾ ആ മൃതദേഹം കാണാൻ വന്നിരുന്നു. ഞാനും ബഹുമാന്യനായ എം.പി ഡീൻ കുര്യാക്കോസും, ജില്ലാ കോൺഗ്രസ് കമ്മിറ്റിയുടെ അധ്യക്ഷനും അവിടെ എത്തിച്ചേർന്നു. ജനങ്ങളുടെ

വികാരമേറ്റെടുത്ത് ഞങ്ങൾ സമരത്തിന് തയ്യാറായി മൃതദേഹവുമായി കോതമംഗലം നഗരത്തിൽ പ്രതിഷേധിച്ചു. ഞങ്ങളുമായി ചർച്ച ചെയ്യുന്നതിനുവേണ്ടി കളക്ടറും മറ്റ് ആളുകളും കോതമംഗലം ഗസ്റ്റ് ഹൗസ് വരെ വന്നതാണ്. പക്ഷേ ആ സമരത്തോടുള്ള ഈ സർക്കാരിന്റെ സമീപനം ധിക്കാരം നിറഞ്ഞതും ധാർഷ്ട്യമുള്ളതുമായിരുന്നു. കളക്ടറോട് ചർച്ചയ്ക്ക് പോകേണ്ടതില്ലെന്നും ആ മൃതദേഹം തിരിച്ചുകൊണ്ടുപോയശേഷം ചർച്ച നടത്തിയാൽ മതിയെന്നുള്ള വാശിയിലായിരുന്നു. എന്നാൽ മൃതദേഹം തിരിച്ചുകൊണ്ടുപോകാൻ ഞങ്ങൾ സമ്മതിച്ചില്ല. ആ മൃതദേഹവുമായി സമരം ചെയ്യുമ്പോൾ സമരപ്പന്തലിലേയ്ക്ക് പോലീസ് ഇടിച്ചുകയറി ലാത്തിച്ചാർജ് നടത്തി ആ മൃതദേഹം മോചിപ്പിച്ചുകൊണ്ട് ആശുപത്രിയിലേയ്ക്ക് മാറ്റി. മുകളിൽ ദൈവം എന്നുപറയുന്ന ഒരാളുണ്ട് എന്ന് പറയുന്നത് ശരിയാണ്. അതിനുശേഷം ഒരു മാസം തികയുന്നതിനുമുമ്പ് കുട്ടമ്പുഴയിൽ സമാനമായ രീതിയിലൊരു മരണമുണ്ടായി. ആ ആ മൃതദേഹം എടുക്കാൻവേണ്ടി ഫോറസ്റ്റ് ഓഫീസർമാരും പോലീസും മണിക്കൂറുകളോളം കാത്തുനിന്നു. ഞാൻ അവിടെ ഉണ്ടായിരുന്നു. പക്ഷേ നിങ്ങൾക്ക് പോലീസിനെ ഉപയോഗിച്ച് ആ മൃതദേഹം റിക്കവർ

ചെയ്യാൻ സാധിച്ചില്ല. ഞാൻ അഹങ്കാരം കൊണ്ടുപറയുന്നതല്ല. ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കാൻവേണ്ടി പറയുന്നതാണ്. ജനാധിപത്യത്തിൽ ജനങ്ങളുടെ ശക്തിക്കുമേലുള്ളതല്ല ഒരു ഭരണാധികാരിയുടെയും ശേഷിയെന്നുപറയുന്നത്. ഒടുവിൽ പുലർച്ചെ രണ്ടുമണിക്ക് അതേ കളക്ടർ കോതമംഗലം ഗസ്റ്റ് ഹൗസിലെത്തി, തിരുവനന്തപുരത്തുള്ള മന്ത്രിയുടെ നിർദ്ദേശപ്രകാരം മടങ്ങിപ്പോയ അതേ കളക്ടർ ഈ മൃതദേഹമെടുക്കാൻ ജനങ്ങളെക്കൊണ്ട് അനുവദിക്കണമെന്ന് ഞങ്ങളുടെ മുന്നിൽ രണ്ടുകയ്യും കൂപ്പി പറഞ്ഞു. ജനപ്രതിനിധികളായ ഞങ്ങളാണ് ജനങ്ങളെ പറഞ്ഞ് സമാധാനിപ്പിച്ച് ആ എൽദോസിന്റെ മൃതദേഹം അവിടെനിന്നും എടുപ്പിച്ചത്. അന്ന് ഇന്ദിരയുടെ കാര്യത്തിൽ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിനോട് ഞങ്ങൾ പറഞ്ഞ കാര്യങ്ങൾ ചെയ്തിരുന്നുവെങ്കിൽ എൽദോസിന്റെ മരണം ഒഴിവാക്കാൻ സാധിക്കുമായിരുന്നു. വളരെയധികം മോശമായ സമീപനമാണ് നിങ്ങൾ ഇക്കാര്യത്തിൽ സ്വീകരിച്ചിത്. അതുകൊണ്ട് മലയോരമേഖലയിലെ ജനങ്ങളോടുള്ള ഈ സർക്കാരിന്റെ സമീപനം..... നിരന്തര ഭയത്തിൽ കഴിയുകയെന്നത് വന്യജീവി ആക്രമണത്തിൽ കൊല്ലപ്പെടുന്നതിനെക്കാൾ

ഭയങ്കരമാണ്. അത് നമുക്ക് മനസ്സിലാകില്ല. ആ മേഖലയിലെ ജനങ്ങളുടെ അവസ്ഥ എന്താണെന്ന് അറിയാമോ; കുട്ടികളും കുടുംബവുമായി രാത്രി കിടന്നുറങ്ങുമ്പോൾ പുറത്ത് ഒരു ഇലയനക്കം കേട്ടാൽ ചങ്കിടിക്കുകയാണ്. ആനയാണോ എന്ന് അറിയില്ല. ഞങ്ങൾക്ക് ഇതിലൊന്നും ചെയ്യാനില്ല, കേന്ദ്രസർക്കാരിന്റേതാണെന്നുള്ളതാണ് സർക്കാരിന്റെ നിരന്തരമായ മറുപടി. ഫോറസ്റ്റ് ഓഫീസിൽനിന്നും ഈ ജനങ്ങളോടുള്ള സമീപനമെന്താണെന്നറിയാമോ; വന്യമൃഗങ്ങളേക്കാളും കഷ്ടമായിട്ടാണ് ഫോറസ്റ്റ് ഓഫീസർമാർ അവരെ കൈകാര്യം ചെയ്യുന്നത്. കാട്ടിൽക്കയറിയതായി ക്യാമറയിൽ കണ്ടുവെന്ന കുറ്റം ആരോപിച്ച് 2021-ൽ പത്തനംതിട്ടയിൽ പൊന്നുമത്തായി എന്ന യുവാവിനെ വീട്ടിൽനിന്നും ഇറക്കിക്കൊണ്ടുപോയി. പിറ്റേദിവസം പൊന്നുമത്തായി മരിച്ചുകിടക്കുന്നതാണ് കണ്ടത്. ഇതിൽ സി.ബി.ഐ. അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു. 2023-ന് കൊല്ലത്ത് ആര്യങ്കാവ് സ്വദേശിയായ സന്ദീപ് അവന്റെ സ്വന്തം പറമ്പിൽ കൃഷിപ്പണിയെടുത്തതിനുശേഷം തിരികെ ഓട്ടോറിക്ഷയിൽ വീട്ടിലേയ്ക്ക് പോകുമ്പോൾ റേഞ്ച് ഓഫീസർ ചോദ്യം ചെയ്യാനായി വിളിപ്പിക്കുന്നു. അവൻ

ഓട്ടോറിക്ഷയിൽനിന്നും പുറത്തിറങ്ങാൻ തയ്യാറാകാത്തതുകൊണ്ട് തൂക്കിയെടുത്ത് റേഞ്ച് ഓഫീസിന്റെ ലോക്കപ്പിലിട്ട് മൃഗീയമായി മർദ്ദിച്ച് മൃതപ്രായനാക്കി. പിന്നീട് പ്രക്ഷോഭത്തെത്തുടർന്ന് സന്ദീപിനെ മോചിപ്പിച്ചു. 2023-ന് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. റോഷി അഗസ്റ്റിന്റെ കട്ടപ്പനയിൽ, പി.എസ്.സി. റാങ്ക് ലിസ്റ്റിൽ റാങ്ക് ഹോൾഡറായിരുന്ന സരുൺ സജിയെന്ന ആദിവാസി യുവാവിനെ വ്യക്തി വൈരാഗ്യം തീർക്കാനായി അവൻ സഞ്ചരിച്ച ഓട്ടോയിൽ നാട്ടിറച്ചിവച്ച് പിടിച്ചിട്ട് കാട്ടിറച്ചിയാണെന്ന് പറഞ്ഞ് അറസ്റ്റുചെയ്തു. ആ കേസ് വ്യാജമാണെന്ന് തെളിഞ്ഞതിനെത്തുടർന്ന് ഇടുക്കി വൈൽഡ്ലൈഫ് വാർഡനും കൂട്ടാളികളും സസ്പെൻഷനിലായി. 2022-ന് പത്തനംതിട്ട ജില്ലയിൽ റുഖിയ ബീവി എന്നുപറയുന്ന പാവപ്പെട്ട ഒരു സ്ത്രീ സ്വന്തം പറമ്പിലെ പ്ലാവ് വെട്ടി വീടിന് അടച്ചുറപ്പുള്ളൊരു വാതിലുണ്ടാക്കി. അനുവാദം വാങ്ങിയില്ലായെന്ന കാരണം പറഞ്ഞ് ഫോറസ്റ്റുകാർ ആ വാതിൽ പറിച്ചുകൊണ്ടുപോയി. പിന്നീട് നാട്ടുകാർ പിരിവെടുത്ത് ആ പാവം വീട്ടമ്മയ്ക്ക് ഒരു വാതിൽ പണിതുകൊടുക്കുകയുണ്ടായി. 2024 നവംബറിൽ മൂന്നാറിലെ ചന്ദനം മോഷണക്കേസിൽ കുടുക്കി മൂന്ന് ചെറുപ്പക്കാരെ അറസ്റ്റ് ചെയ്ത്

ഡി.എഫ്.ഒ.-യുടെ നേതൃത്വത്തിൽ അതിക്രൂരമായി മർദ്ദിക്കുന്നു. രഹസ്യഭാഗത്തും കണ്ണിലും മുളകരച്ച് തേയ്ച്ച് പല രീതിയിലും അവരെ പീഡിപ്പിക്കുന്നു.

മി. സ്പീക്കർ: ഇന്നത്തെ അടിയന്തരപ്രമേയത്തിന്റെ വിഷയം എന്താണ്?

ഡോ. മാത്യു കുഴൽനാടൻ: സർ, ഈ കേസ് കേട്ട ദേവികുളം മജിസ്ട്രേറ്റ് ഇവരെ ചോദ്യം ചെയ്യുന്നതിൽനിന്നും ഡി.എഫ്.ഒ.-യെ വിലക്കി. അതിനെത്തുടർന്ന് ഇപ്പോൾ മജിസ്ട്രേറ്റിനെതിരെ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് കള്ളക്കേസിന് നിൽക്കുകയാണ്. കേസ് വാദിച്ച വക്കീലിനെതിരെ കള്ളക്കേസ് എടുത്തുക്കഴിഞ്ഞു. 2020-ൽ കണ്ണൂർ വില്ലേജിൽ ആറളം ഫാമിന്റെ സൈഡിൽക്കൂടി ഒഴുകുന്ന പുഴയിൽ ചൂണ്ടയിട്ടുകൊണ്ടിരുന്ന പ്രിൻസ് ദേവസ്യ എന്ന വിമുക്ത ഭടനെ, 'മാരകമായ യന്ത്രക്കെണി' എന്ന് ചൂണ്ടയ്ക്ക് വിശേഷണം നൽകി അറസ്റ്റ് ചെയ്യാൻ ശ്രമിച്ചു. ഒടുവിൽ അദ്ദേഹം ഒളിവിൽപ്പോയി. ഇത്തരം നിരവധി സംഭവങ്ങൾ ഞാൻ പറയാം. ഫോറസ്റ്റ് ഉദ്യോഗസ്ഥർ ഇപ്രകാരം ചെയ്തുകൊണ്ടിരിക്കുമ്പോൾ, ഈ സർക്കാർ, ഈ ക്യാബിനറ്റ് പുതിയ വനനിയമം കൊണ്ടുവന്നില്ലേ; നിങ്ങൾ വനനിയമ ഭേദഗതി കൊണ്ടുവന്നില്ലേ;

അതിൽ നിങ്ങൾ കൊണ്ടുവരാൻ ആഗ്രഹിച്ചതെന്താണ്; അതായത് ഏറ്റവും താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർക്ക് ഉൾപ്പെടെ വെറും സംശയത്തിന്റെപുറത്ത് ആരുടെ വീട്ടിലും കയറി പരിശോധന നടത്താനും വാഹനങ്ങൾ തടഞ്ഞ് പരിശോധിക്കാനുമുള്ള അനിയന്ത്രിതമായ അധികാരം നിങ്ങൾ നൽകി.

മി. സ്പീക്കർ: അത് പിൻവലിച്ച കാര്യമാണ്. അതാണോ ഇവിടെ പരാമർശിക്കേണ്ടത്.

ഡോ. മാത്യു കുഴൽനാടൻ: സർ, അതുപോലെ വാറണ്ടില്ലാതെ അറസ്റ്റ് ചെയ്യാനുള്ള അധികാരം നിങ്ങൾ നൽകി. (...ബഹളം...) എന്നിട്ട് വലിയ നിലയിൽ എതിർപ്പ് ഉയർന്നുവന്നപ്പോൾ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഒരു പ്രസ്താവന ഞാൻ അതിനുശേഷം വായിച്ചു, വനം ഭേദഗതി നിയമം പിൻവലിക്കുന്നുവെന്ന് പറഞ്ഞു. ഇപ്പോൾ വന്ന വനനിയമ ഭേദഗതി സംബന്ധിച്ച നിർദേശങ്ങളെക്കുറിച്ച് പല ആശങ്കകളും ഉയർന്നുവന്നിട്ടുണ്ട്. ഇക്കാര്യത്തിൽ അത്തരം ആശങ്കകൾ പരിഹരിക്കാതെ മുന്നോട്ടുനീങ്ങാൻ സർക്കാർ ഉദ്ദേശിക്കുന്നില്ലെന്ന് സൂചിപ്പിച്ചു. അങ്ങ് മുഖ്യമന്ത്രി ആയിരിക്കുന്ന

ക്യാബിനറ്റ് കാണാതെയാണോ ആ ഭേദഗതി നിയമം പബ്ലിഷ് ചെയ്തത്; ഇന്ന് ബാക്കി ഈ കരനാഥൻമാരായി മുന്നിലിരിക്കുന്ന മന്ത്രിമാർ എല്ലാവരുടെയും കയ്യിൽ ഈ കടലാസ് കഷണം എത്തിയതല്ലേ; ഈ നിയമം നിങ്ങൾ വായച്ചതല്ലേ; ഈ നിയമം നിങ്ങൾ വായിച്ച് അറിഞ്ഞിട്ടാണ് ഈ സഭയിൽ കൊണ്ടുവരാൻവേണ്ടി പബ്ലിഷ് ചെയ്തത്. ഞാൻ ചോദിക്കട്ടെ, മലയോര മേഖലയെ പ്രതിനിധീകരിക്കുന്ന എന്റെ ഏറ്റവും ബഹുമാന്യനായ ജ്യേഷ്ഠസഹോദരൻ ശ്രീ. റോഷി അഗസ്റ്റിന്റെ കൈയിൽ ഇത് വന്നതല്ലേ; മലയോര മേഖലയുടെ വേദന അറിയാത്ത ആളാണോ അങ്ങ്; അങ്ങ് ഉൾപ്പെടെ അപ്രൂവ് ചെയ്തിട്ടില്ലേ; ബഹുമാനപ്പെട്ട മുഖ്യമന്ത്രി അപ്രൂവ് ചെയ്യാതെ ഒരുകാരണവശാലും ഈ ബിൽ പബ്ലിഷ് ചെയ്യില്ലായെന്നിരിക്കേ, മലയോര മേഖലയുടെ ശബ്ദം ദുർബലമായി എന്നുമാത്രമല്ല, യു.ഡി.എഫ്. ആയിരുന്നപ്പോൾ, കെ. എം. മാണി ഉണ്ടായിരുന്നപ്പോൾ മലയോര മേഖലയിലെ ജനങ്ങളുട ശബ്ദം അധികാരത്തിന്റെ അകത്തളങ്ങളിൽ മുഴങ്ങുമായിരുന്നു. പക്ഷെ, ഇന്ന് അധികാരത്തിന്റെ അകത്തളങ്ങളിൽ അവരുടെ ശബ്ദമില്ലായെന്ന് മാത്രമല്ല, അവരുടെ രോദനം കേൾക്കാൻ കഴിയുന്ന ഒരു

കാതുപോലുമില്ലാത്ത സർക്കാരായി മാറി. കേരള കോൺഗ്രസ് യു.ഡി.എഫ്.-ന്റെ ഭാഗമായിരുന്നപ്പോൾ എത്ര ശബ്ദമുണ്ടായിരുന്നു. കെ. എം. മാണി ജീവിച്ചിരിക്കുന്ന സമയത്ത് യു.ഡി.എഫ്. സർക്കാർ അധികാരത്തിലിരുന്നാൽ ഇത്തരമൊരു ഭേദഗതി ബിൽ ഈ സംസ്ഥാനത്ത് പബ്ലിഷ് ചെയ്യപ്പെടുമായിരുന്നോ;

മി. സ്പീക്കർ: ഡോ. മാത്യു കുഴൽനാടൻ നിങ്ങൾ എന്താണ് അവതരിപ്പിക്കുന്നത്; ഈ വന നിയമ ഭേദഗതിയൊക്കെ പിൻവലിച്ചു. അതൊക്കെ ഇവിടെ പറയേണ്ട കാര്യമെന്താണ്; (...ബഹളം...)

ഡോ. മാത്യു കുഴൽനാടൻ: സർ, ഇതെന്തൊരു കഷ്ടമാണ്. ഇത് വളരെ വൈകാരികമായ വിഷയമാണ്. ഏതുസമയത്തുപറഞ്ഞാലും ഇതുതന്നെയാണ്.

മി. സ്പീക്കർ: താങ്കളുടെ പ്രകടനം കാഴ്ചവയ്ക്കേണ്ട ഒരു വേദിയല്ല ഇത്. ഇവിടെ അവതരിപ്പിക്കേണ്ട കാര്യം അവതരിപ്പിക്കണം. (.......ബഹളം.......) വനനിയമ ഭേദഗതി പിൻവലിച്ചതാണ്. അത് ഇവിടെ പറയേണ്ട കാര്യമില്ല. നിങ്ങളെഴുതി തന്നതെന്താണ്; നിങ്ങൾ എഴുതി നൽകിയ വിഷയം ഇവിടെയുണ്ട്. വനം വന്യജീവി അക്രമണത്തെക്കുറിച്ചാണ് എഴുതിത്തന്നത്;

എന്നിട്ട് നിങ്ങൾക്കെന്തും വിളിച്ചുപറയാമെന്നാണോ? അടിയന്തരപ്രമേയത്തിൽ വിഷയത്തിനകത്തുനിന്ന് സംസാരിക്കണം. അങ്ങ് നയപ്രഖ്യാപനത്തിൽ പ്രസംഗിച്ചോ; (.......ബഹളം.......) അങ്ങ് കണ്ടിന്യൂ ചെയ്യൂ.

ശ്രീ. മാത്യു കുഴൽനാടൻ: സർ, വന്യജീവിയുടെ ആക്രമണവുമായി ബന്ധപ്പെടാത്തതാണോ വനനിയമം; വനനിയമം പരാമർശിക്കാൻ പാടില്ലേ; നിങ്ങൾക്ക് പൊള്ളുന്നത് എന്തുകൊണ്ടാണ്; ഈ കേരള കോൺഗ്രസ് എന്നുപറഞ്ഞ് ജയിച്ചുവന്ന എല്ലാവരും മലയോര മേഖലയിലെ ജനങ്ങളുടെ വോട്ടുവാങ്ങി ജയിച്ചുവന്നവരാണ്. അങ്ങനെയല്ലെന്ന് അവർക്ക് പറയാൻ കഴിയുമോ; ആ വോട്ടുവാങ്ങി ജയിച്ചുവന്നവർ ഇന്ന് ആ നിയമത്തിന് ആനുകൂലമായി നിന്നപ്പോൾ, പൊതുജന വികാരം ഉയർന്നുവന്നപ്പോൾ അത് മാറ്റേണ്ടി വന്നു എന്നത് ശരിയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങിത് അറിഞ്ഞിട്ടില്ലെന്നും കണ്ടിട്ടില്ലെന്നും പറയരുത്. അതിന്റെ അർത്ഥം അങ്ങേയ്ക്ക് ഭരണത്തെക്കുറിച്ച് ഒരു ചുക്കും അറിയില്ലായെന്നാണോ; (.......ബഹളം.......) ഇതുപോലെയൊരു നിയമം വരുമ്പോൾ; അതുകൊണ്ട് നമ്മൾ പറയും. അത് പറയാതിരിക്കാൻ കഴിയില്ല. ഞാൻ അവസാനിപ്പിക്കുകയാണ്.

<u>മി. സ്പീക്കർ</u>: (.......ബഹളം.......) അവിടെ ഇരിക്കൂ... യെസ്......അദ്ദേഹം കൺക്ലൂഡ് ചെയ്യട്ടെ, (.......ബഹളം.......)

<u>ശ്രീ. മാത്യു കുഴൽനാടൻ</u>: സർ, ഞാൻ ഇവിടെ പരാമർശിച്ച കാര്യങ്ങളേതെങ്കിലും തെറ്റാണെങ്കിൽ അങ്ങ് ചൂണ്ടിക്കാണിക്കണം. ഞാൻ അത് പിൻവലിക്കാം. ഇവിടെയിരിക്കുന്ന മന്ത്രിമാർ കാണാതെ/ അറിയാതെയാണോ വനഭേദഗതി നിയമം വന്നത്; അത് നിഷേധിക്കാൻ കഴിയുമോ; യു.ഡി.എഫ്. സർക്കാർ അധികാരത്തിലിരിക്കുമ്പോൾ മലയോര മേഖലയിലെ ജനങ്ങളുടെ ശബ്ദം അധികാരത്തിന്റെ അകത്തളങ്ങളിലുണ്ടായിരുന്നുവെന്ന് ഞങ്ങൾക്ക് നൂറ് ശതമാനം ഉറപ്പിച്ചുപറയാൻ സാധിക്കും. പക്ഷേ ഇന്ന് ഞാൻ അങ്ങയോട് മറ്റൊരു കാര്യം പറഞ്ഞു, ഈ സർക്കാരിന്റെ നിരന്തരമായ ഭാഷ്യം, കേന്ദ്രസർക്കാരിന്റെ നിയമമായതുകൊണ്ട് ഞങ്ങൾക്കൊന്നും ചെയ്യാൻ കഴിയില്ലായെന്നാണ്. അയൽ സംസ്ഥാനമായ തമിഴ്നാട്ടിലേയ്ക്ക് നോക്കണം, കാട്ടുവിട്ടിറങ്ങുന്ന കാട്ടുപന്നി, മൂന്നുകിലോമീറ്ററിനകത്ത് എവിടെയാണെങ്കിലും വെടിവെച്ച് കൊല്ലാമെന്ന് ശ്രീ. എം. കെ. സ്റ്റാലിൻ എന്ന തമിഴ്നാട് മുഖ്യമന്ത്രി ഒരു നിയമം പാസ്സാക്കി. എന്തുകൊണ്ടാണ് നിങ്ങൾക്കൊരു സ്റ്റെപ്പെടുക്കാൻ

കഴിയാത്തത്; ഈ സർക്കാരിന് ഒരധികാരവുമില്ല, ഒരു പവറുമില്ലെന്ന് പറയരുത്. പക്ഷെ നിങ്ങളത് ചെയ്യാൻ തയ്യാറല്ല. എന്നെ വേദനിപ്പിക്കുന്ന കാര്യം, നമ്മളാരും കാണാതെ, ആരും ശ്രദ്ധിക്കാതെ, നിശബ്ദമായ ഒരു കുടിയിറക്കമിന്ന് ഈ മലയോര മേഖലയിൽ നടന്നുകൊണ്ടിരിക്കുകയാണെന്നതാണ്.

മി. സ്പീക്കർ: Yes, come to the point....

ഡോ. മാത്യു കുഴൽനാടൻ: സർ, അങ്ങ് എന്നെ സംസാരിക്കാൻ അനുവദിക്കുന്നില്ലെങ്കിൽ ഞാൻ അവസാനിപ്പിക്കാം. (....ബഹളം....) അനുവദിച്ച സമയമെങ്കിലും സംസാരിക്കാൻ അനുവദിക്കണം.

മി. സ്പീക്കർ: Yes, അങ്ങ് കൺക്ലൂഡ് ചെയ്യൂ. പ്ലീസ്...പ്ലീസ്....അവിടെയിരിക്കൂ. (....ബഹളം....)

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ കൺക്ലൂഡ് ചെയ്യുകയാണ്. ഞാൻ അധികം പറയുന്നില്ല. നിങ്ങൾ അസ്വസ്ഥരായിട്ട് കാര്യമില്ല. ഞാൻ അവസാനിപ്പിക്കുകയാണ്.

മി. സ്പീക്കർ: (....ബഹളം....) അങ്ങ് സംസാരിച്ചോളൂ.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ഞാൻ ഒരുകാര്യംകൂടി സൂചിപ്പിക്കുകയാണ്. മലയോര മേഖലയുടെ ജനത്തിന്റെ ശബ്ദം അങ്ങേയറ്റം ദുർബലമായ സാഹചര്യത്തിൽ, യു.ഡി.എഫ്. മലയോര മേഖലയിലെ ജനങ്ങളുടെ വികാരം ഏറ്റെടുത്തുകൊണ്ട്, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ നേതൃത്വത്തിൽ മലയോര ജാഥ നടത്തുകയാണ്. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിനെയും ഞാൻ ആ ജാഥയിൽ പങ്കെടുക്കാൻ ക്ഷണിക്കുകയാണ്. കാരണം ദുർബലമായിപ്പോയ ആ ശബ്ദത്തെ തിരിച്ചുപിടിക്കാൻ, യു.ഡി.എഫ്.-ന്റെ നേതൃത്വത്തിൽ നടക്കുന്ന മലയോര ജാഥയിലേയ്ക്ക് കേരള കോൺഗ്രസുകാർ കടന്നുവന്ന് രാഷ്ട്രീയ പ്രായശ്ചിത്തത്തിന് തയ്യാറാകണമെന്ന് പറഞ്ഞുകൊണ്ട് ഇത്രയും ഗൗരവമായ ഒരു വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് സൂചിപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുകയാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, തികച്ചും അസാധാരണവും ദൗർഭാഗ്യകരവുമായ ഒരു നിലപാടാണ് ബഹുമാനപ്പെട്ട അവതാരകൻ ഇവിടെ സ്വീകരിച്ചത്. അദ്ദേഹം ഉന്നയിച്ച പ്രശ്നങ്ങൾക്കാണ് പ്രാരംഭത്തിൽ ഞാൻ

മറുപടി പറഞ്ഞത്. കയറിന്റെ അറ്റത്ത് ഒരു പശുവുണ്ടെന്ന് പറയുന്ന രീതിയിൽ സഭ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിലെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് വന സംരക്ഷണ നിയമത്തെക്കുറിച്ച് അദ്ദേഹം പറഞ്ഞുവയ്ക്കുകയാണുണ്ടായത്. ഞാൻ വിനയപൂർവ്വം അങ്ങയെ ഓർമ്മിപ്പിക്കുന്നത് നിലവിലുള്ള നിയമം 1961-ൽ നിലവിൽ വന്നതാണെന്നാണ്. അതിന് കാലോചിതമായ പരിഷ്കാരം ആവശ്യമില്ലെന്ന നിലപാട് അങ്ങയെപ്പോലുള്ളവർ സ്വീകരിക്കുമെന്ന് ഞാൻ കരുതുന്നില്ല. ആ നിയമം ആദ്യമായി പരിശോധിച്ചത് ആരാണ്? ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരല്ല, 2013-ലെ ഉമ്മൻ ചാണ്ടി സർക്കാരാണ്. 2013-ലെ ആ ഭേദഗതി നിയമം നിയമസഭ സെക്രട്ടേറിയറ്റിൽ ലഭിക്കും. അത് വായിച്ചിട്ട് അതും ഇതും തമ്മിലുള്ള വ്യത്യാസം എന്താണെന്നെന്ന് വിശദീകരിച്ചാൽ വളരെ നന്നായിരുന്നുവെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. മന്ത്രിസഭ എപ്പോഴും കരട് രേഖയ്ക്ക് രൂപം നൽകും. അങ്ങേയ്ക്കും പ്രതിപക്ഷാംഗങ്ങൾക്കും നന്നായി അറിയുന്നതാണിത്. ഇത് നിയമസഭയിൽ വരുമ്പോൾ അന്ന് പാസ്സാക്കുകയല്ല ചെയ്യുന്നത്, അത് സബ്ജക്റ്റ് കമ്മിറ്റിക്ക് അയയ്ക്കുകയാണ് ചെയ്യുന്നത്. അവിടെവച്ച് മാറ്റം വരുത്തുവാനുള്ള

അവകാശം അംഗങ്ങൾക്കുണ്ടെന്ന് അറിയാത്തവരാണ് പ്രതിപക്ഷത്തിരിക്കുന്നതെന്ന് ഞാൻ കരുതുന്നില്ല. അതിനുപുറമെ ഞങ്ങൾ ചെയ്തത് എന്താണ്? ജനങ്ങളുടെ അഭിപ്രായം ആരായാൻ 30 ദിവസത്തെ സാവകാശം നൽകി, ജനങ്ങളുടെ അഭിപ്രായം ആരാഞ്ഞു. ജനങ്ങളുടെ അഭിപ്രായം ആരാഞ്ഞപ്പോൾ തെറ്റിദ്ധാരണകൾ പരത്തുന്ന നിരവധി വാദഗതികൾ ഉയർന്നുവന്നു. ആ തെറ്റിദ്ധാരണകൾ ഉപയോഗിച്ച് രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടി പ്രതിപക്ഷം ഒരു ശ്രമം നടത്തി. അത് പൊളിഞ്ഞുപോയപ്പോൾ അങ്ങയ്ക്ക് നിരാശയുണ്ടായതിൽ ഞാൻ എന്ത് ചെയ്യാനാണ്. ഒരു ജനാധിപത്യ സംവിധാനത്തിൽ ജനകീയ അഭിപ്രായം മാനിച്ച് ഒരു കാര്യം പിൻവലിച്ചാൽ അതിനെ അഭിനന്ദിക്കുകയല്ലേ വേണ്ടത്. ഒരു ജനാധിപത്യ സംവിധാനത്തിൽ ജനങ്ങളുടെ അഭിപ്രായം മാനിക്കുന്ന ഒരു സർക്കാരാണെന്ന ഒരു അഭിനന്ദനം അങ്ങയിൽനിന്ന് ഞാൻ പ്രതീക്ഷിച്ചിട്ട് കാര്യമില്ലല്ലോ? അത് കഷ്ടമായിപ്പോയി. നമുക്ക് ചന്ദനമരം മുറിക്കുവാനുള്ള അനുവാദം വേണമെന്നത് പ്രതിപക്ഷത്തെ എല്ലാവരുടെയും ആവശ്യമല്ലേ. ഈ ഭേദഗതിയെന്താണ് നിങ്ങൾ കണ്ടില്ലെന്ന് നടിക്കുന്നത്. ഇപ്പോൾ നിലവിലുള്ള

നിയമത്തിൽ വാച്ചർക്കും അറസ്റ്റ് ചെയ്യാനുള്ള അധികാരമുണ്ട്. അത് നിലനിൽക്കണമെന്നാണോ അങ്ങ് പറയുന്നത്. എന്നുപറഞ്ഞാൽ Any Forest officer എന്നാണ് ആ വാക്ക്. Forest officer എന്ന നിർവ്വചനത്തിൽനിന്നും വാച്ചർ എന്ന വാക്ക് ഒഴിവാക്കുകയാണ് ചെയ്തിട്ടുള്ളത്. അല്ലാതെ ഒരു മാറ്റവും വരുത്തിയില്ല. പക്ഷെ ഒരു ജനാധിപത്യ സർക്കാർ ജനങ്ങളുടെ അഭിപ്രായം മാനിച്ച് പ്രവർത്തിക്കുന്ന സർക്കാരാണ്. ആ നിലയിലുള്ള നിലപാടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്വീകരിച്ചത്. അത് രഹസ്യമായി സ്വീകരിച്ചതല്ല. ഞങ്ങൾ എല്ലാവരുമായി ചർച്ച ചെയ്ത് തീരുമാനിച്ചതാണ്. മലയോര മേഖലയിലെ ജനങ്ങളോട് ഞങ്ങൾക്ക് എന്തോ ഒരു അവഗണനയാണ്, കേരള കോൺഗ്രസ് എന്തോ ഒരു അത്യാഹിതം കാണിച്ചു എന്നൊക്കെയുള്ള പരാമർശങ്ങൾ ഉന്നയിക്കുകയുണ്ടായി. രണ്ടാം പിണറായി സർക്കാർ അധികാരത്തിൽ വന്നശേഷമുണ്ടായ ഏത് സംഭവത്തിനാണ് ഞങ്ങൾ ജനങ്ങളോടൊപ്പം നിൽക്കാതിരുന്നത്? ഇവിടെയും ഞങ്ങൾ ജനങ്ങളോടൊപ്പമല്ലേ നിന്നത്. നിയമം പിൻവലിക്കുകയെന്ന് പറഞ്ഞതിന്റെ അർത്ഥമെന്താണ്? അത് അറിയുന്ന ജനങ്ങൾ അവിടെയുണ്ട്. അതിൽ അങ്ങയ്ക്ക്

അസ്വസ്ഥതയുണ്ടായിട്ട് കാര്യമില്ല. ആദ്യം വന്ന നിയമം എന്താണ്? ബഫർ സോൺ. അന്ന് നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു ഈ ഉത്തരവ് നടപ്പാക്കുന്നതിന്റെ പേരിൽ ഒരാൾക്കും ആ മേഖലയിൽനിന്ന് ചട്ടിയും കലവുമായി ഇറങ്ങിപ്പോകേണ്ടിവരില്ലായെന്നാണ്. അങ്ങനെ വന്നേ? അവിടെ ആരോടൊപ്പമാണ് സർക്കാർ നിന്നത്; ആർക്കുവേണ്ടിയാണ് നിന്നത്? അതിനുശേഷം വന്യജീവി അക്രമണങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, അതായിരുന്നു അങ്ങ് പറയേണ്ടിയിരുന്നത്. നിലമ്പൂർ ഇപ്പോൾ എടുക്കാനുള്ള കാരണം എനിക്ക് മനസ്സിലായി. ഈ അവസാന ദിവസം നിലമ്പൂരിനെ ബാധിക്കുന്ന രാഷ്ട്രീയമൊക്കെ എല്ലാവർക്കും മനസ്സിലാകില്ലേ. അത് അവിടെ നിൽക്കട്ടെ. എന്തൊക്കെ നടപടികളാണ് ഞങ്ങൾ സ്വീകരിച്ചത്. അങ്ങിപ്പോഴും കേന്ദ്ര സർക്കാരിന്റെയും ബഹുമാനപ്പെട്ട എം. കെ. സ്റ്റാലിന്റെയും നിലപാടുകളെ ന്യായികരിച്ചുകൊണ്ടാണ് സംസാരിച്ചത്. ശ്രീ. എം. കെ. സ്റ്റാലിൻ നല്ലതാണ് ചെയ്തത്. പക്ഷെ നിങ്ങൾക്ക് ഓർമ്മയില്ലാത്തതുകൊണ്ടാണ്, നിങ്ങളുടെ പ്രദേശത്തുമാത്രം സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 120-ഓളം കാട്ടുപന്നികളെ വെടിവച്ചുകൊന്നിട്ടുണ്ട്. കഴിഞ്ഞ രണ്ട് വർഷമായി കേരളം

നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഒരു നിലപാട് തമിഴ്നാട് സർക്കാർ ഇപ്പോൾ സ്വീകരിച്ചതിൽ ഞങ്ങൾക്ക് അഭിമാനംതോന്നുന്നുണ്ട്. ഇന്ത്യയുടെ ചരിത്രത്തിൽ ഇത്തരം സംഭവങ്ങളെ സംസ്ഥാനത്തിന്റെ സവിശേഷതയുള്ള ദുരന്തമായി പ്രഖ്യാപിച്ചത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആരുടെയെങ്കിലും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഞങ്ങൾ തീരുമാനിച്ചത് എന്താണ്? കേന്ദ്ര സർക്കാരിനെ പഴിപറഞ്ഞ് മാറി നിൽക്കുകയല്ല ചെയ്തത്. ഡിസാസ്റ്റർ മാനേജ്മെന്റിന്റെ പണംകൂടി ഉപയോഗിച്ച് ആ പ്രദേശങ്ങളിലെ ജനങ്ങൾക്ക് ആശ്വാസം നൽകാനുള്ള നിലപാടുകളാണ് സ്വീകരിച്ചത്. അതും ജനങ്ങളോടൊപ്പം നിൽക്കൽ തന്നെയാണെന്നാണ് ഞങ്ങളുടെ വിചാരം. ഇവിടെ രണ്ട് സ്ഥലത്തെ കാര്യങ്ങൾ പറഞ്ഞു. ഞാൻ അതിലേയ്ക്ക് പോകുന്നില്ലെന്നാണ് വിചാരിച്ചത്. അവിടെ ഇന്ദിര രാമകൃഷ്ണന്റെ ബോഡിയുടെ ഇൻക്വസ്റ്റ് നടപടികൾ ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ നടക്കുന്നതിനിടയിൽ അവിടെ ബഹളമുണ്ടാക്കിയത് എന്തിനാണ്; ആരാണ് ബഹളമുണ്ടാക്കിയത്? അങ്ങനെയുള്ള സന്ദർഭങ്ങളിൽ പോലീസ് നോക്കിനിൽക്കുകയില്ലെന്ന് ഞാൻ ഉറപ്പുപറയുകയാണ്. മൃതശരീരം വച്ച്

വിലപേശുന്ന ഒരു രാഷ്ട്രീയ സമീപനം എത്രത്തോളം മനുഷ്യത്വപരമാണെന്ന് പ്രതിപക്ഷം ആലോചിക്കണം. അത് ശരിയല്ല, അവർ ഉൾക്കാട്ടിൽവച്ചാണ് മരിച്ചത്. ഇപ്രകാരം ഉൾക്കാട്ടിൽവച്ച് വന്യജീവി ആക്രമണത്താൽ മരണം സംഭവിച്ചാൽ നിങ്ങൾ കൊട്ടിഘോഷിക്കുന്ന നിയമം, അത് വന്യജീവികൾ നാട്ടിൻപുറത്തുവന്ന് ആക്രമണം നടത്തുന്നതായി കണക്കാക്കാൻ സാധിക്കുമോ? പക്ഷെ ഭരണപക്ഷം തീരുമാനിച്ചത് എന്താണ്? അതിന് അങ്ങനെ വിവേചനം കാണിക്കേണ്ടതില്ലെന്നാണ്. അവർ ആദിവാസികളാണ്, പാവപ്പെട്ടവരാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്നോട് പറഞ്ഞത് അവർക്ക് ആനുകൂല്യം നൽകണമെന്നാണ്. ആദ്യ ഗഡു നൽകിക്കഴിഞ്ഞു. ഇനിയും രേഖകൾ ഹാജരാക്കിയാൽ ബാക്കി തുക ലഭിക്കില്ലേ? ശ്രീ. പി. ജെ. ജോസഫ് ഇപ്പോൾ സഭയിലില്ല. അദ്ദേഹം എന്നെ വിളിച്ച് ഇക്കാര്യത്തെക്കുറിച്ച് സംസാരിച്ചു. ഞാൻ അദ്ദേഹത്തിന്റെ നിർദ്ദേശം സ്വീകരിക്കാമെന്നാണ് പറഞ്ഞത്. ഞങ്ങൾ അത് ചെയ്യുമല്ലോ, അല്ലാതെ ഒഴിഞ്ഞുമാറുകയല്ല ചെയ്യുന്നത്. നിലമ്പൂർ മുനിസിപ്പാലിറ്റിയിൽനിന്ന് 24 കിലോമീറ്റർ അകലെയാണ് മൂത്തേടം, കരുളായി എന്നീ പഞ്ചായത്തുകൾ. കരുളായി പഞ്ചായത്തിലാണ്

മരണമുണ്ടായത്. 24 കിലോമീറ്റർ എന്ന് കേട്ടപ്പോൾ അര മണിക്കൂർ കൊണ്ട് പോയിവരാമെന്ന് ഞാൻ വിചാരിച്ചതാണ്. രണ്ട് മണിക്കൂർ യാത്ര ചെയ്താണ് ഞാൻ അവിടെയെത്തിയത്. പ്രതിപക്ഷം സംരക്ഷിക്കാൻ ശ്രമിക്കുന്ന അവിടുത്തെ എം.എൽ.എ. ആയിരുന്ന വ്യക്തി അവിടെ പോയാണോ ഫോറസ്റ്റ് ഓഫീസ് ആക്രമിച്ചത്. കരുളായിയിൽ ഫോറസ്റ്റ് ഓഫീസ് ഉണ്ടായിരുന്നിട്ട് നിലമ്പൂർ ഫോറസ്റ്റ് ഓഫീസ് അക്രമിച്ച ശ്രീ. പി. വി. അൻവറിനെക്കൂടി ന്യായികരിച്ചിരുന്നെങ്കിൽ അത് ഗംഭീരമാകുമായിരുന്നു. അതിന് അങ്ങയ്ക്ക് നന്ദിയാണ് പറയുന്നത്. അത്രയൊന്നും വേണ്ടിയിരുന്നില്ല. ഞാൻ അത് പ്രാരംഭത്തിൽത്തന്നെ പറഞ്ഞിരുന്നതല്ലോ? ഇന്ന് നമുക്കിത് അടിയന്തരമായി സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ലെന്നേ പറഞ്ഞുള്ളൂ. ഇത് പൊതുസമൂഹം ചർച്ച ചെയ്ത് പരിഹാരം കാണേണ്ട വിഷയമാണെന്ന് ഞാൻ അംഗീകരിച്ചല്ലോ. പക്ഷെ ഇത് ഇന്നോ ഇന്നലയോ ഉണ്ടായ വിഷയമല്ല, ഇന്നോ നാളയോ പരിഹരിക്കാൻ സാധിക്കുന്ന വിഷയവുമല്ല. വളരെ ശാസ്ത്രീയമായി പരിശോധനകൾ നടത്തി യുക്തിസഹമായ തീരുമാനങ്ങളിലേയ്ക്ക് പോകേണ്ടതുണ്ട്. ഇപ്പോൾ എന്താണ് ആലോചിക്കുന്നത്. ഈ പറയുന്ന രണ്ട്

സ്ഥലങ്ങളിൽ ഏർലി വാണിങ് സിസ്റ്റത്തിനുള്ള നടപടികൾ സ്വീകരിച്ചില്ലേ; സോളാർ ഫെൻസിങ് സ്ഥാപിക്കുന്നതിനുള്ള ടെൻഡർ ക്ഷണിച്ചുകഴിഞ്ഞില്ലേ; ഏത് നടപടിയാണ് അവിടെ സ്വീകരിക്കാതിരുന്നത്? ഇത്തരത്തിലുള്ള ഒരു മരണവുമുണ്ടാകാൻ പാടില്ലെന്നാണ് നമ്മളെല്ലാവരും ആഗ്രഹിക്കുന്നത്. ആ രൂപത്തിൽത്തന്നെയാണ് നമ്മൾ പോകുന്നത്. ഏതായാലും വിഷയം മാറി സംസാരിക്കേണ്ടിവന്നതിൽ എനിക്കും പ്രയാസമുണ്ട്. ആ രണ്ട് പ്രദേശങ്ങളും ഹോട്ട്സ്പോട്ടുകളിലുൾപ്പെടുത്തി. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) അവിടെ സന്ദർശിച്ചു. ഉദ്യോഗസ്ഥന്മാരുടെ യോഗം വിളിച്ചുകൂട്ടി ഇനിയും മുന്നോട്ടുള്ള പ്രവർത്തനങ്ങളിൽ സമയബന്ധിതമായി ചെയ്യേണ്ടത് എന്തൊക്കെയാണെന്ന് വിലയിരുത്തുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മലയോര മേഖലയെ പന്ത്രണ്ട് മേഖലകളായി തിരിച്ച് അവിടത്തെ ഗുരുതരമായ വന്യജീവി ആക്രമണ പ്രദേശങ്ങൾ കണ്ടെത്തി സ്പെഷ്യൽ ടീമിനെ നിയമിച്ച് നിരന്തരവും നിതാന്തവുമായ ജാഗ്രത നൽകി വന്യജീവികളുടെ ആക്രമണങ്ങളിൽ നിന്നും ജനങ്ങളെ രക്ഷിക്കുകയെന്നതാണ് സർക്കാരിന്റെ നയം. കഴിഞ്ഞ ദിവസം ഞാൻ ഒരു

സബ്മിഷന് നൽകിയ മറുപടി ഇവിടെ സൂചിപ്പിക്കുകയാണ്. കാർഷിക വിളകൾക്ക് നൽകുന്ന നഷ്ടപരിഹാരം അപര്യാപ്തമാണെന്ന അഭിപ്രായം തന്നെയാണ് ഞങ്ങൾക്കുമുള്ളത്. ഇക്കാര്യത്തിന്മേൽ ആവശ്യമായ ചർച്ചകൾ നടത്തി നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന തുക വർധിപ്പിക്കേണ്ടത് അനിവാര്യമാണ്. നഷ്ടപരിഹാരം നൽകിയും ആശ്വസിപ്പിച്ചും ജനങ്ങൾക്കാവശ്യമായ സുരക്ഷാ നടപടികൾ സ്വീകരിച്ചും ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ നമുക്ക് കഴിയും. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, ശ്രീ. സണ്ണി ജോസഫ് ഉൾപ്പെടെയുള്ളവരും ഞങ്ങളും ഒരുമിച്ചാണ് കേന്ദ്ര ചർച്ചകളിൽ പങ്കെടുത്തത്. കേന്ദ്ര സമീപനം എന്തായിരുന്നെന്ന് അവരോട് ചോദിച്ചാൽ മതി. വലിയ സ്നേഹം, ചെയ്യുകയില്ലെന്ന് ഖണ്ഡിതമായി പറയുക ഇതാണ് കേന്ദ്രം ചെയ്തിട്ടുള്ളത്. ഇത്തരം പശ്ചാത്തലത്തിലാണ് ഞങ്ങൾ കൂടുതൽ നടപടികളിലേയ്ക്ക് കടന്നത്. ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ കേന്ദ്ര വന നിയമത്തിൽ ഇനിയും പൊളിച്ചെഴുത്ത് വരുത്തേണ്ടതുണ്ട്. കൂടാതെ കേരള വന നിയമത്തിലും മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. ജനങ്ങളുമായി സംവദിച്ച് അവരുടെ വികാരങ്ങൾ മനസ്സിലാക്കി, കർഷക സമൂഹത്തിന്റെ

താൽപര്യങ്ങൾക്ക് ഹാനിവരാത്ത രീതിയിലുള്ള നടപടികൾ മാത്രമേ ഈ സർക്കാർ സ്വീകരിക്കുകയുള്ളൂ. അവർ നിങ്ങൾക്കെതിരെ സംസാരിക്കുന്ന ഒരു കാലഘട്ടമുണ്ടാകുമെന്ന് നിങ്ങൾ മനസ്സിലാക്കണം. വളരെ കാലത്തേയ്ക്കൊന്നും അവരെ തെറ്റിദ്ധരിപ്പിക്കാൻ കഴിയില്ല. ഇവിടെ ഒരു കൂട്ടർ പോയി പ്രതിഷേധം ഇളക്കിവിടുകയാണ്. കാട്ടിൽച്ചെന്ന് കാട്ടാനകളേയും സിംഹത്തേയും കരടിയേയും പുലിയേയുമൊക്കെ ആക്രമിച്ച് വലിയ പരിക്കുകളോടെയാണ് വന്യമൃഗങ്ങൾ ഇപ്പോൾ കാട്ടിൽനിന്നും പുറത്തുവരുന്നത്. എങ്ങനെയാണ് പരിക്കുകളുണ്ടാകുന്നത്; ആരാണ് പരിക്കുകളുണ്ടാക്കുന്നത്? ..(ബഹളം).. നിങ്ങളാണെന്ന് പറഞ്ഞില്ലല്ലോ; നിങ്ങൾ എന്തിനാണ് രോഷാകുലരാകുന്നത്? അത് ശ്രീ. ടി. സിദ്ദിഖ് എം.എൽ.എ. ആണെന്നോ പ്രതിപക്ഷമാണെന്നോ ഞാൻ പറഞ്ഞില്ലല്ലോ; പ്രതിപക്ഷവും ശ്രീ. ടി. സിദ്ദിഖും എം.എൽ.എ.-മാരും രാഷ്ട്രീയ പാർട്ടികളുമല്ല. അത് ആരാണെന്നുള്ളത് നിങ്ങൾ ആലോചിച്ചുപറഞ്ഞാൽ മതി. അതാരാണെന്ന് പ്രതിപക്ഷ നേതാവിനും മുൻ പ്രതിപക്ഷ നേതാവിനും അറിയാം..(ബഹളം)..

<u>മി.സ്പീക്കർ</u>: യെസ്.. പ്ലീസ്..

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, അവിടെ അരാഷ്ട്രീയ സംഘടനകൾ പ്രവർത്തിക്കുന്നുണ്ടെന്ന കാര്യം ദയവായി അങ്ങ് മനസ്സിലാക്കണമെന്ന് ഞാൻ ഈ ഘട്ടത്തിൽ പറയുകയാണ്. .....(ബഹളം).......മുൻകാലത്ത് വീരപ്പനായിരുന്നു. എന്നാൽ ഇപ്പോൾ പുതിയ പല വീരപ്പന്മാരും വരുന്നുണ്ട്. അക്കാര്യംകൂടി കൃത്യമായി പരിശോധിച്ച് സമഗ്രമായൊരു വനം-വന്യജീവി സംരക്ഷണ നിയമത്തിന്റെ മാറ്റങ്ങൾക്കുവേണ്ടി നമ്മൾ ഒരുമിച്ചുനിൽക്കണം. നിയമങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തണം, കർഷക സമൂഹത്തെ സഹായിക്കണം, അവർക്കുണ്ടാകുന്ന പ്രശ്നങ്ങൾ അതാത് സമയത്ത് തീർപ്പുകൽപ്പിക്കാനാവശ്യമായ നടപടികളാണ് ഞങ്ങൾ സ്വീകരിക്കുന്നത്. മലയോര മേഖലയേയും സർക്കാരിനേയും തമ്മിലടിപ്പിച്ച് മുതലെടുക്കാൻ കഴിയുമെന്ന ശ്രമത്തിന്റെ ഭാഗമായിപ്പോയി ദൗർഭാഗ്യവശാൽ അങ്ങയുടെ ഉപക്ഷേപ അവതരണം. ഇത്തരമൊരു വിഷയം അത്തരത്തിൽ ഉന്നയിക്കേണ്ടിയിരുന്നില്ലെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട്, ഉപക്ഷേപം ചർച്ച ചെയ്യേണ്ടതില്ലെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, നടപടികൾ നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഉപക്ഷേപങ്ങൾ അവതരിപ്പിക്കുമ്പോൾ ആ വിഷയത്തിന്റെ ഭാഗമല്ലാത്ത കാര്യങ്ങൾ സൂചിപ്പിക്കുന്നത് ദൗർഭാഗ്യകരമാണ്. പുറമെനിന്ന് നിരീക്ഷിച്ചാൽ, ഇന്നത്തെ ഉപക്ഷേപം മലയോരമേഖലയും കേരള കോൺഗ്രസ്സും ആയിപ്പോയെന്നതാണ് പരമപ്രധാനമായ കാര്യം. എന്തിനാണ് ഇത്രയും സ്ട്രൈക്ക് ചെയ്തതെന്ന് എനിക്കറിയില്ല. കേരളാ കോൺഗ്രസ്സ് പാർട്ടിയെ സംബന്ധിച്ചിടത്തോളം ഇന്നത്തെ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്റെ ഭാഗമായി പരാമർശിക്കപ്പെടേണ്ട ഒരു സാഹചര്യവും ഞാൻ കണ്ടില്ല. മലയോര മേഖലയിലോ, കേരളാ കോൺഗ്രസ്സ് ഭാഗമായിട്ടുള്ള മന്ത്രിസഭകളിലോ ഏതെങ്കിലും തരത്തിലുള്ള പ്രശ്നങ്ങളുണ്ടായാൽ കൂട്ടുത്തരവാദിത്വമുള്ള ഒരു സർക്കാരെന്ന നിലയിൽ, ആ വിഷയം പരിഹരിക്കാൻ മന്ത്രിസഭാതലത്തിലും രാഷ്ട്രീയതലത്തിലും ചർച്ചകൾ നടത്താറുണ്ട്. അത് ഞങ്ങൾ നടത്തുകയും ചെയ്തു. പിന്നെ എന്തുകൊണ്ടാണ് ഇത്തരത്തിലൊരു പരാമർശമുണ്ടായത്? ഡോ. മാത്യു കുഴൽനാടന്റെ ഭാഗത്തുനിന്നും ഇത്തരത്തിലുള്ള സമീപനം ഒരിക്കലും പ്രതീക്ഷിച്ചില്ല.

നിങ്ങളുടെ പ്രദേശങ്ങളിൽ നിന്നുണ്ടാകുന്ന ഓരോ വിഷയങ്ങളിലും ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ജനക്ഷേമകരമായ പ്രവർത്തനങ്ങളെ എതിരിടുന്ന ഒരു സ്ഥിതിയോ നയമോ സ്വീകരിക്കുന്ന സാഹചര്യമായിരുന്നില്ല ഇത്തരം വിഷയങ്ങളിൽ സ്വീകരിക്കേണ്ടത്. ഇത്തരം ആക്രമണങ്ങൾ ഭരണപക്ഷത്തിന്റെയോ പ്രതിപക്ഷത്തിന്റെയോ മലയോര മേഖലകളിൽ മാത്രം സംഭവിക്കുന്നതല്ല. കാട്ടിൽനിന്നും നാട്ടിലേയ്ക്ക് ഇറങ്ങിവരുന്ന വന്യമൃഗം മനുഷ്യവാസമുള്ള പ്രദേശങ്ങളിലെത്തി സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കേണ്ടത് എല്ലാവരുടേയും ആവശ്യമാണ്. അതിൽ കൂട്ടായ പരിശ്രമമാണ് അനിവാര്യം. പക്ഷെ അതിൽനിന്ന് വ്യത്യസ്തമായിട്ടാണ് ഇവിടെ കാണാൻ കഴിഞ്ഞത്. കാർഷിക പ്രേമമെന്നുള്ളത് ഒരു കക്ഷിയെയോ സർക്കാരിനെയോ ചൂണ്ടിക്കാണിച്ച് പരാജയപ്പെടുത്താൻ ശ്രമിക്കരുത്. നമ്മുടെ സഭയിൽ ചർച്ചചെയ്യപ്പെട്ട മലയോര മേഖലയിലെ സുപ്രധാന വിഷയമായിരുന്നു 1960-ലെ ഭൂപതിവ് നിയമം. എത്രയോ സുപ്രധാന ബില്ലുകൾ സഭ മുമ്പാകെ വന്നു. അവയിൽ, ഈ ബിൽ സഭയിൽ അവതരിപ്പിച്ച അവസരത്തിൽ തടസ്സവാദം ഉന്നയിച്ച്, ഈ അവകാശം തകർക്കാൻ ശ്രമിച്ച അംഗം ശ്രീ. മാത്യൂ

കുഴൽനാടനായിരുന്നു എന്ന കാര്യം വിസ്മരിക്കരുത്. ഇക്കാര്യങ്ങൾ സഭയുടെ രേഖകളിലുണ്ട്. തുടർന്ന് ബിൽ പരിഗണനയ്ക്കെടുക്കുകയും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുകയും മടങ്ങിവന്ന് ചർച്ചചെയ്ത് പാസ്സാക്കുകയും ചെയ്തു. പ്രതിപക്ഷ നേതാവ് ഉൾപ്പെടെയുള്ള അംഗങ്ങൾ സംസാരിക്കുകയുമുണ്ടായി. അന്ന് നിയമസഭയിൽ ഐകകണ്ഠ്യേനയാണ് ബിൽ പാസ്സാക്കിയത്. വളരെ നല്ലൊരു ക്രമീകരണമായിരുന്നു അന്ന് കാണാൻ കഴിഞ്ഞത്. ശാരീരിക ബുദ്ധിമുട്ടുകൾ കാരണം മെഡിക്കൽ കോളേജിൽ അഡ്മിറ്റായിരുന്ന ഞാൻ, ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ കേൾക്കണമെന്ന ആഗ്രഹമുള്ളതുകൊണ്ടുമാത്രം സഭയിൽ എത്തുകയും അന്നത്തെ ഓരോ ചർച്ചയിലും പങ്കെടുക്കുകയും ചെയ്തു. തുടർന്ന് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ബില്ലിനെ പിന്തുണച്ച്  നിയമസഭ അത് പാസ്സാക്കുകയുമുണ്ടായി. എന്നാൽ പിന്നീട് കണ്ട രംഗമെന്താണ്? ശ്രീ. പി.ജെ. ജോസഫ് വിഭാഗവും ശ്രീ. മോൻസ് ജോസഫും ഉൾപ്പെടെ ഈ ബില്ലിനെ അനുകൂലിച്ചുകൊണ്ട് വോട്ടെടുപ്പില്ലാതെ പാസ്സാക്കിയ നിയമത്തെ, കോൺഗ്രസ് പാർട്ടിയും കേരള കോൺഗ്രസ് ജോസഫ് ഗ്രൂപ്പും ഉൾപ്പെടെ പുറത്ത് സമരവേദിയാക്കിയ ചരിത്രവുമുണ്ട്. കർഷകപ്രേമമല്ല, നിയമസഭയ്ക്ക് അകത്ത്

ഒരു നയം, പുറത്ത് വേറൊരു നയം. ഇതല്ലേ കണ്ടത്? ഇതിന്മേലുള്ള ചട്ടങ്ങൾ രൂപീകരിച്ച് അവസാന ഘട്ടത്തിലേയ്ക്ക് എത്തുകയാണ്. കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും ആശ്വാസം കൊടുക്കുന്ന ആ നടപടി പൂർത്തിയാകുമ്പോൾ കേരളാ കോൺഗ്രസ്സിന്റെ സമീപനങ്ങളെക്കുറിച്ച് ബോധ്യമാകും...(ബഹളം).... ഞങ്ങളെ പരാമർശിച്ചതുകൊണ്ടുമാത്രം ഇക്കാര്യങ്ങൾ പറഞ്ഞതാണ്. കേരളാ കോൺഗ്രസ്സിന്റെ കാർഷിക പ്രേമത്തേയും മലയോര മേഖലയിലെ ബുദ്ധിമുട്ടുകളെക്കുറിച്ചുമൊക്കെ പരാമർശിച്ച്, കേരളാ കോൺഗ്രസിനെ ദുർബലപ്പെടുത്തി ചീട്ടെഴുതാൻ നിങ്ങൾക്ക് കഴിയുമെന്ന് ഞാൻ വിചാരിക്കുന്നില്ല. ഒരു കാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുന്നു. മുപ്പത്തെട്ട്, നാൽപത് വർഷക്കാലം യു.ഡി.എഫ്.-ന്റെ ഭാഗമായിരുന്ന പാർട്ടിയാണ് കേരള കോൺഗ്രസ് (എം.). ഏത് ഘട്ടത്തിലാണ് കോൺഗ്രസും യു.ഡി.എഫും. എടുത്ത നിലപാടിനെ ഞങ്ങൾ എതിർത്തത്? നിങ്ങളെടുത്ത നിലപാടുകളോടൊപ്പം ഞങ്ങളും നിന്നു, പരാജയത്തിലും വിജയത്തിലും കൂട്ടുനിന്നു. ഒരു സുപ്രഭാതത്തിൽ കേരളാ കോൺഗ്രസ്സിന്, യു.ഡി.എഫ്.-ന്റെ ഭാഗമാകാൻ അർഹതയില്ലെന്നുപറഞ്ഞ് വേർപെടുത്തി താഴേയ്ക്കുവച്ചു. ഞങ്ങളും

മലയോര കർഷകരും പെരുവഴിയിൽ നിൽക്കണമോ; അന്ന് ആ മലയോര കർഷകരെയും ജനങ്ങളെയും സംരക്ഷിക്കാൻ ശ്രീ. പിണറായി വിജയനും കൂട്ടരും ഞങ്ങളോടൊപ്പം ഉണ്ടായിരുന്നു. അങ്ങനെ അവർ സർക്കാരിന്റെ ഭാഗമായി നിന്നതുകൊണ്ട് മലയോര കർഷകരെ സംരക്ഷിക്കുന്നതിൽ നൂറ് ശതമാനവും വിജയിച്ചു എന്നതാണ് ഞങ്ങളുടെ കണക്ക്. കർഷകന് എന്തെങ്കിലും രീതിയിലുള്ള ബുദ്ധിമുട്ടുകളോ പ്രശ്നങ്ങളോ ഉണ്ടായാൽ തീർച്ചയായും അത് പരിഹരിക്കപ്പെടും. അതിനാവശ്യമായ നടപടി സ്വീകരിക്കാൻ ഇച്ഛാശക്തിയുള്ള ഒരു സർക്കാരിന്റെ ഭാഗമായി നിന്നുകൊണ്ട് കേരളാ കോൺഗ്രസ്സ് നിലപാട് ആവർത്തിക്കും. അതുകൊണ്ട് ഇത്തരം കാര്യങ്ങളിൽ കേരള കോൺഗ്രസ്സിനേയും ഞങ്ങളേയും ചൂണ്ടി ഇത്തരം കാര്യങ്ങൾ പരാമർശിക്കരുതെന്ന് ഞാൻ വിനയപൂർവം നിങ്ങളെ ഓർമ്മപ്പെടുത്തുകയാണ്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ നിർത്തിവയ്ക്കണമെന്നുള്ള ഉപേക്ഷത്തിന് അനുമതി നിഷേധിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഉപക്ഷേപമായി ഉന്നയിച്ച ഈ വിഷയം വളരെ ഗൗരവമുള്ളതാണെന്ന് ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രി സമ്മതിച്ചു. നാട്ടിലെ ജനങ്ങളെയും മലയോര ജനതയെയും ഗൗരവമായി ബാധിക്കുന്ന ഒരു വിഷയമാണ് സർക്കാരിനുമുമ്പാകെ പ്രതിപക്ഷം കൊണ്ടുവന്നത്. സഭാ നടപടികൾ നിർത്തിവച്ച് പ്രസ്തുത വിഷയം ചർച്ച ചെയ്യേണ്ടതില്ലെന്നും ഈ വിഷയത്തെ സംബന്ധിച്ച് പൊതുചർച്ചകൾ നടക്കണമെന്നുമുള്ള അഭിപ്രായത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. ശ്രീ. മാത്യു കുഴൽനാടൻ സൂചിപ്പിച്ചതുപോലെ, നയപ്രഖ്യാപന പ്രസംഗത്തിലും ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രിയുടെ പ്രസംഗത്തിലും വന്യജീവി ആക്രമണം കുറഞ്ഞുവരുന്നെന്നാണ് പറയുന്നത്. വനം വകുപ്പ് കാര്യക്ഷമമായി പ്രവർത്തിക്കുന്നതുകൊണ്ട് വനത്തിൽ നിന്നും വന്യജീവികൾ നാട്ടിലേയ്ക്ക് ഇറങ്ങിവരുന്നത് തടയാൻ കഴിയുന്നുണ്ടെന്നും കഴിഞ്ഞ കുറെ വർഷങ്ങളായി ഇത് കുറഞ്ഞുകുറഞ്ഞ് വന്നുകൊണ്ടിരിക്കുന്നുവെന്നുമാണ് പറഞ്ഞത്. അഞ്ച് വർഷത്തെ സ്റ്റാറ്റിസ്റ്റിക്സ് സൂചിപ്പിക്കുന്നത് അതുതന്നെയാണോ? 2019-20-ൽ മനുഷ്യ-വന്യജീവി സംഘർഷങ്ങളുടെ എണ്ണം 6341 ആയിരുന്നു. പിന്നീടത്

ഏഴായിരത്തിലും എണ്ണായിരത്തിലും അധികമായി. 2023-24-ൽ 9838 മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ഇവിടെയുണ്ടായിട്ടുണ്ട്. ഏത് കണക്കനുസരിച്ചാണ് മനുഷ്യ-വന്യജീവി സംഘർഷം കുറഞ്ഞുവരുന്നെന്ന് പറയുന്നത്? വന്യജീവികളുടെ ആക്രമണം കേരളത്തിൽ വർധിച്ചുകൊണ്ടിരിക്കുകയാണ്. ഔദ്യോഗിക കണക്കാണ് ഞാൻ സൂചിപ്പിച്ചത്. കൃഷി നാശവും സ്വത്ത് നാശവുമാണ് ജീവഹാനി കഴിഞ്ഞാൽ ഏറ്റവും ഗുരുതരമായ പ്രശ്നമെന്നുപറയുന്നത്; 2019-2020-ൽ 5,550 കൃഷിനാശ കേസുകളാണുണ്ടായിരുന്നത്. അത് പിന്നീട് 6000, 6500, 6800 എന്നിങ്ങനെ വർധിച്ച് 2023-24 ആയപ്പോൾ 8,141 കേസായി. നിലവിലെ സ്ഥിതിയിൽ ബഹുമാനപ്പെട്ട ഗവർണറെക്കൊണ്ട് ഏത് കണക്കിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിൽ വന്യജീവി ആക്രമണങ്ങൾ കുറഞ്ഞുവരികയാണെന്ന് പറയിച്ചത്; അങ്ങിവിടെ സംസാരിച്ചത് ഏത് കണക്കിന്റെ അടിസ്ഥാനത്തിലാണ്? ഔദ്യോഗികമായ കണക്കുകളാണ് ഞാനിവിടെ പറഞ്ഞത്. വന്യജീവി ആക്രമണം ഗൗരവതരമായി വർധിച്ചുകൊണ്ടിരിക്കുകയാണ്. 2016 മുതൽ നാളിതുവരെ 60,000

ആക്രമണങ്ങളാണ് ഉണ്ടായിട്ടുള്ളത്. നിങ്ങൾ ആലോചിച്ച് നോക്കണം, ഒരു പ്രദേശത്ത് ജീവിക്കുന്ന മനുഷ്യരുടെ സങ്കടങ്ങളാണ്. അതിനുമുമ്പ് ഇല്ലായിരുന്നുവെന്നല്ല ഞാൻ പറയുന്നത്, വർധിച്ചുവരികയാണ്. കേരളത്തിൽ വന്യജീവി ആക്രമണത്തിൽ ഇതുവരെ മരിച്ചത് ആയിരത്തിലധികം പേരാണ്. അയ്യായിരത്തിലധികം കന്നുകാലികളെ കൊല്ലുകയും കോടിക്കണക്കിന് രൂപയുടെ കൃഷി നാശമുണ്ടാകുകയും ചെയ്തു. മലയോരത്ത് ഭൂമിക്കടിയിലുള്ള അതായത് കിഴങ്ങ് വർഗങ്ങളുടെ ഒരു കൃഷിയും നടക്കില്ല. കപ്പ, ചേന, ചേമ്പ്, ഇതൊക്കെയാണ് പാവപ്പെട്ട മലയോര കർഷകരുടെ പ്രധാനപ്പെട്ട കൃഷികൾ. ഇവ മുഴുവനും പന്നികൾ നശിപ്പിക്കും. നാളികേരം കുരങ്ങുകൾ കൊണ്ടുപോകും. വാഴകൾ ആന നശിപ്പിക്കും. എല്ലാതരത്തിലുമുള്ള കൃഷിയും നശിപ്പിക്കും. ഒരു തരത്തിലുള്ള കൃഷിയും അവിടെ നിലനിൽക്കില്ല. ശരിക്കും പറഞ്ഞാൽ, പശുവിനെ കറന്ന് ആ പാൽ വിറ്റാണ് ആ പ്രദേശത്തെ തൊണ്ണൂറ് ശതമാനം ആളുകളും ജീവിക്കുന്നത്. ഞാനിവിടെ ഇതിനുമുമ്പ് നിയമസഭയിൽ ഭീതിയെക്കുറിച്ച് പറഞ്ഞിട്ടുണ്ട്, ഡോ. മാത്യു കുഴൽനാടനും പറഞ്ഞു. ഭീതി കാരണം കുട്ടികളെ സ്കൂളിൽ വിടാൻ കഴിയുന്നില്ല. പശുവിന് പുല്ല് വെട്ടാൻ

പോകാൻ കഴിയുമോ; പ്രായമായവർക്ക് ആശുപത്രിയിൽ പോകാൻ കഴിയുമോ; ഒരു വിറകെടുക്കാൻ പോകാൻ പറ്റുമോ? പല കാർഷിക മേഖലകളിലും പുറത്തേക്കിറങ്ങാൻ പറ്റാത്ത സാഹചര്യമാണ്, വ്യാപകമായ ഭീതിയാണ്. അതിന്റെ പുറകിലായി ഫോറസ്റ്റ് ഉദ്യോഗസ്ഥരും. എന്തിനാണ് ഭീതി വളർത്തുന്നത്; എന്തിനാണ് കർഷകരെ ശത്രുക്കളായി കാണുന്നത്? മലയോരത്ത് ജീവിക്കുന്ന ആളുകളെ വനസംരക്ഷണത്തിന്റെ ശത്രുക്കളായി കാണരുത്. ഞാൻ ഇപ്പോഴും പറയും, നിങ്ങൾ പണ്ട് EFL Act (Vesting and management of Ecologically Fragile Lands Act, 2003) കൊണ്ടുവന്നതാണ് കാർഷിക മേഖലയിലെ ജനങ്ങളെ പരിസ്ഥിതിയുടെയും വനസംരക്ഷണത്തിന്റെയും ശത്രുക്കളാക്കി മാറ്റിയത്. ഉദ്യോഗസ്ഥന്മാർക്ക് തോന്നിയതുപോലെ അവകാശം കൊടുത്തു. പണ്ട് കാപ്പികൃഷിയും തേയില കൃഷിയും മറ്റു കൃഷികളും ചെയ്തിരുന്ന നൂറ് നൂറ്റിയമ്പതു ഏക്കർ സ്ഥലം ഒരു രൂപ നഷ്ടപരിഹാരം കൊടുക്കാതെ ഇഷ്ടംപോലെ പിടിച്ചെടുക്കുന്ന ഒരു നിയമം കൊണ്ടുവന്നു. വനത്തിന്റെ അതിർത്തിയിലുള്ളവരിൽ ചിലർ എതിർത്ത് നിന്നതുകൊണ്ട് അവരുടെ സ്ഥലം പിടിച്ചെടുത്തില്ല. അതിന്റെ ഇപ്പുറത്തുള്ള

ഭൂമിയൊക്കെ തോന്നിയതുപോലെ പിടിച്ചെടുത്തു. അവസാനം വനസംരക്ഷകരും കർഷകരും തമ്മിൽ സംഘർഷമുണ്ടാക്കുന്ന നിയമങ്ങൾ നിങ്ങൾ ഉണ്ടാക്കി. ഇപ്പോൾത്തന്നെ Duty of State to protect life and property of the people നമുക്കൊരു legal obligation ഇല്ലേ? Right to Live എന്നു പറയുന്ന Article 21 ഇല്ലേ; ഇവരെ ഈ അപകടത്തിൽനിന്ന് രക്ഷിക്കാനുള്ള ബാധ്യത ആർക്കാണ്? നിങ്ങൾക്ക് മാത്രമല്ല, കേന്ദ്ര ഗവൺമെന്റിനും ആ ബാധ്യതയുണ്ടെന്ന കാര്യത്തിൽ സംശയമില്ല. കേരളത്തിൽ 29 ശതമാനം ഫോറസ്റ്റാണ്, എന്നുവച്ചാൽ നാഷണൽ ആവറേജിനേക്കാൾ കൂടുതലാണ്. ഒരു Deforestation-നും സമ്മതിക്കണ്ട. ഞങ്ങളൊക്കെ അതിന്റെ കൂടെയാണ്. വനം സംരക്ഷിക്കപ്പെടണം. പക്ഷേ ഇനിയും വനാതിർത്തി വർധിപ്പിക്കാൻ പോയാലോ? നിങ്ങൾ എത്ര സ്ഥലത്ത് നോട്ടിഫിക്കേഷൻ ഇറക്കിയിട്ടുണ്ട്. സാധാരണ ആളുകൾ ജീവിക്കുന്ന ഭൂമി വീണ്ടും നോട്ടിഫൈ ചെയ്ത് റിസർവ് ഫോറസ്റ്റ് ആക്കുമോ? അപ്പോൾ ആളുകൾ വീണ്ടും ശത്രുക്കൾ ആകുകയാണ്. പ്രധാനപ്പെട്ട ടൗണുകളുൾപ്പെടെയുള്ള പ്രദേശങ്ങൾ റിസർവ് ഫോറസ്റ്റായി നോട്ടിഫൈ ചെയ്യുകയാണ്. നിങ്ങൾ കൊടുത്ത ഉറപ്പ് പല സ്ഥലത്തും

പാലിച്ചിട്ടില്ലല്ലോ; പിൻവലിക്കാമെന്നുപറഞ്ഞ ഉറപ്പ് ഏതെങ്കിലും സ്ഥലത്ത് നിങ്ങൾ പാലിച്ചോ? വനസംരക്ഷണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ആളുകൾ വനാതിർത്തികളിൽ താമസിക്കുന്ന കർഷകരാണ്. അവർ വനത്തിന്റെ ശത്രുക്കളല്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിന്റെ വകുപ്പിനോട് പറയണം. അതല്ല അവർ ചെയ്യുന്നത്. വകുപ്പ് ഉദ്യോഗസ്ഥർ നടത്തിയ ക്രൂരകൃത്യങ്ങളെക്കുറിച്ചാണ് നേരത്തെ ഡോ. മാത്യു കുഴൽനാടൻ ഇവിടെ പറഞ്ഞത്. അത് പറയണ്ടേ? അവിടെയുള്ളത് സംഘർഷമാണ്, ഭീതിയാണ്, വനസംരക്ഷകർ എല്ലാ പരിധിയും വിട്ട് ചെയ്യുകയാണ്. അപ്പോഴാണ് ഈ നിയമംകൊണ്ടുവന്നത്. പ്രസ്തുത നിയമം പിൻവലിച്ചുകൊണ്ടുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സ്റ്റേറ്റ്മെന്റ് ഞാൻ വായിച്ചു. ഞാൻ അതിനെ സ്വാഗതം ചെയ്തു. അദ്ദേഹം പറഞ്ഞത് എന്താണ്? 'ഏതെങ്കിലും വകുപ്പുകളിൽ നിക്ഷിപ്തമാകുന്ന അധികാരം ദുർവിനിയോഗം ചെയ്യപ്പെടാൻ സാധ്യതയുണ്ട് എന്ന കാര്യം സർക്കാർ ഗൗരവമായി പരിഗണിക്കും.' ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പറഞ്ഞത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതല്ല. പിൻവലിക്കപ്പെട്ട വനനിയമത്തിലെ ഓരോ വ്യവസ്ഥയും ബഹുമാനപ്പെട്ട മന്ത്രി ന്യായീകരിച്ചു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതിന് വിരുദ്ധമായാണ് ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രി ഇന്ന് സഭയിൽ പറഞ്ഞത്. ഈ വകുപ്പുകളെ ന്യായീകരിച്ചു. എന്നിട്ട് ഈ വനനിയമത്തിനെതിരായി സമരമുണ്ടാക്കി കർഷകരെ പ്രകോപിപ്പിക്കാൻ ഞങ്ങൾ നോക്കിയെന്ന് പറഞ്ഞു. അതുകൊണ്ടാണ് ഈ വനനിയമം പിൻവലിക്കേണ്ടി വന്നത്. അല്ലാതെ ഈ വനനിയമം കർഷക വിരുദ്ധ നിയമമോ ആദിവാസി വിരുദ്ധ നിയമമോ ആയതുകൊണ്ടല്ല. ഞങ്ങൾ ജനങ്ങളെ ഇളക്കി സംഘർഷമുണ്ടാക്കാൻ ശ്രമിച്ച് തെറ്റിദ്ധരിപ്പിച്ചതുകൊണ്ടാണ് ഈ വനനിയമം പിൻവലിച്ചതെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ പറഞ്ഞത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതല്ല പറഞ്ഞത്, അമിതമായ അധികാരം ഒരു വകുപ്പിലും പാടില്ലെന്ന നിലപാടാണ് അദ്ദേഹം സ്വീകരിച്ചത്. വനംവകുപ്പിന് അമിതമായ അധികാരം നൽകിക്കൊണ്ടുള്ള പ്രൊവിഷനുകൾ ഈ നിയമത്തിലുണ്ട്. ഞങ്ങളാരും 1961-ലെ വനനിയമത്തിന്റെ അമെന്റ്മെന്റിന് എതിരല്ല. എത്രയോ നിയമങ്ങൾ ഇവിടെ മാറ്റി, ഞങ്ങൾ എതിരായത് എന്തുകൊണ്ടാണ്? അമിതമായ അധികാരം ഉദ്യോഗസ്ഥർക്ക്, നമ്മുടെ ഭാരതീയ തത്വസംഹിതയിലും ന്യായസംഹിതയിലുമൊക്കെയുള്ള

നിയമത്തിനും അപ്പുറത്തുള്ള അധികാരം ഉദ്യോഗസ്ഥർക്ക് കൊടുത്താൽ വീണ്ടും പാവപ്പെട്ട കർഷകരും ആദിവാസികളും... പാർലമെന്റ് പാസ്സാക്കിയ വനാവകാശ നിയമമുണ്ട്. അതിന്റെ തത്വങ്ങൾക്കെതിരായി ഒരു ബിൽ കൊണ്ടുവന്നപ്പോൾ ഞങ്ങളത് എതിർത്തു. സർക്കാർ അത് പിൻവലിച്ചു. ആ കാര്യംകൂടി ഉൾപ്പെടുത്തിയാണ് ഞങ്ങൾ സമരം പ്രഖ്യാപിച്ചത്. പക്ഷെ ബഹുമാനപ്പെട്ട മന്ത്രി ഇപ്പോഴും ഒരു അവസരം ലഭിച്ചാൽ ഈ ബിൽ കൊണ്ടുവരുമെന്നുള്ള നിലപാടിലാണ് ഇവിടെ സംസാരിച്ചത്. അത് ഞങ്ങൾ സൂക്ഷിച്ചിരിക്കും. ഈ ബിൽ പാസ്സാക്കാൻ ഞങ്ങൾ സമ്മതിക്കില്ല. ഞങ്ങളുടെ നിലപാട് അതാണ്. ഒരു കാരണവശാലും ആ ബിൽ പാസ്സാക്കാൻ ഞങ്ങൾ സമ്മതിക്കില്ല. പിന്നെ പറഞ്ഞു, ഭയങ്കരമായി ഇതെല്ലാം ചെയ്യുന്നുണ്ട്. Poor expenditure, പാവപ്പെട്ട ജനങ്ങളെ, കർഷകരെ രക്ഷിക്കാനായി കിട്ടിയ പണംപോലും ചെലവാക്കുന്നില്ല. പ്ലാൻ വിഹിതത്തിൽ 48.85 കോടി രൂപ വകയിരുത്തിയതിൽ 48 ശതമാനംപോലും ചെലവാക്കിയിട്ടില്ല. ഞങ്ങൾ ഇക്കാര്യത്തിൽ എന്തെങ്കിലും പറഞ്ഞാൽ ഉടൻ നിങ്ങൾ എന്താണ് പറയുന്നത് - സോളാർ വേലി, ആന കിടങ്ങ്, ആന പ്രതിരോധ മതിൽ, സോളാർ തൂക്കുവേലി

എന്നിങ്ങനെയുള്ള ധാരാളം പരിപാടികളുണ്ട്. കഴിഞ്ഞ രണ്ടുമൂന്ന് വർഷങ്ങളായി ക്രാഷ് ഗാർഡ് വേലിക്ക് ചെലവാക്കിയിരിക്കുന്നത് '0' ആണ്. കൽമതിൽ-0, റെയിൽ വേലി-0, ചുറ്റുമതിൽ-0, ഇരുമ്പുവേലി-0, ഒരു കാര്യത്തിലും പണം ചെലവഴിക്കുന്നില്ല. 2023-24-ൽ ചെലവഴിച്ച തുക 3.1 കോടിയായി ചുരുങ്ങി. നേരത്തെ ആറളത്തൊക്കെ മതിൽ കെട്ടുമായിരുന്നു. ഞാനൊരു ഉദാഹരണം പറയാം, ചാലക്കുടി, വാഴച്ചാൽ, മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷനുകളിൽ ഫെൻസിങ് സ്ഥാപിക്കാൻ 13.5 കോടി രൂപ നബാർഡ് 2023-ൽ അനുവദിച്ചതാണ്. ഇതുവരെ ടെൻഡർ നടപടികൾ സ്വീകരിച്ച് ഈ വർക്ക് തുടങ്ങിയിട്ടില്ല. ജനങ്ങളെ വന്യജീവി ആക്രമണത്തിൽനിന്നും രക്ഷിക്കാനുള്ള ഒരു നടപടിയും സ്വീകരിക്കുന്നില്ല. വേറൊരു പ്രധാനപ്പെട്ട കാര്യം ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, പ്രതിപക്ഷ നേതാവിനും, ശ്രീ. രമേശ് ചെന്നിത്തലയ്ക്കും അറിയാമെന്ന്. അതായത് ആരാണ് കാട്ടിൽപ്പോയി ആനയെയും സിംഹത്തെയും പുലിയെയും കടുവയെയും കേരളാ വനത്തിനകത്ത് ആക്രമിക്കുന്നത്? ഞാൻ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിനെ അഭിനന്ദിക്കുകയാണ്, എന്തുകൊണ്ടെന്നറിയാമോ? Poaching എന്ന പരിപാടി വനംവകുപ്പ്

ഉദ്യോഗസ്ഥരാണ് അവസാനിപ്പിച്ചത്. അവരുടെ കാർക്കശ്യം നിറഞ്ഞ നിലപാടുകൾ, പിന്നെ ആദിവാസി വിഭാഗത്തിൽപ്പെട്ട ഫോറസ്റ്റ് ഗാർഡുകളുടെ വനസംരക്ഷണം. നിലവിൽ poaching നടക്കുന്നില്ല. വളരെ അപൂർവമായോ മറ്റും നടക്കും. ഇപ്പോൾ ആരാണ് കാട്ടിൽപ്പോയി ആനയെ ആക്രമിച്ച് നാട്ടിലേക്ക് വിടുന്നത്. അങ്ങ് ഇതൊക്കെ മനസ്സിലാക്കണം. എന്തുകൊണ്ടാണ് കടുവ വരുന്നത്? ഞാൻ ഒരുദിവസം വയനാട്ടിൽ ചെന്നപ്പോൾ അഞ്ച് കടുവകൾ ബത്തേരിയിൽ ഉണ്ടെന്നാണ് പറഞ്ഞത്. വയനാടിലെ കാടിന്റെ വിസ്തീർണ്ണം 354 സ്ക്വയർ ഫീറ്റാണ്. ടൈഗർ കൺസർവേഷൻ അതോറിറ്റിയുടെ നിർദേശപ്രകാരം ഒരു കടുവയുടെ വിഹാരത്തിന് 20 സ്ക്വയർ കിലോമീറ്റർ വേണം. കടുവ ഒരു ടെറിറ്റോറിയൽ അനിമൽ ആയതിനാൽ ആണുങ്ങളെ വനത്തിനകത്തേയ്ക്ക് കയറാൻ അനുവദിക്കില്ല, മരത്തിൽ അടയാളപ്പെടുത്തി വയ്ക്കും. വയനാട്ടിലെ വനത്തിൽ 150-ൽ അധികം കടുവകളുണ്ട്. ഒരു കടുവയ്ക്ക് 20 സ്ക്വയർ കിലോമീറ്റർ വച്ച് 150-ൽ അധികം കടുവകൾക്ക് 3000 സ്ക്വയർ കിലോമീറ്റർ സ്ഥലം ആവശ്യമാണെന്നിരിക്കെ വയനാട്ടിൽ കേവലം 350 സ്ക്വയർഫീറ്റ് മാത്രമാണുള്ളത്. പ്രസ്തുത സാഹചര്യത്തിൽ ഒറ്റയ്ക്കായ, പ്രായം

ചെന്ന ഇരപിടിക്കാൻ കഴിയാത്ത കടുവകൾ നാട്ടിലേയ്ക്കിറങ്ങി മനുഷ്യരെ ആക്രമിക്കുകയും കെട്ടിയിട്ടിരിക്കുന്ന പശുവിനെയും പട്ടിയെയും ആടിനെയും മറ്റും പിടിച്ചുകൊണ്ടുപോകുകയും ചെയ്യും. അവയ്ക്ക് ഇര പിടിക്കാൻ സാധിക്കില്ല. ഇതൊക്കെയാണ് യാഥാർത്ഥ്യം. അതല്ലാതെ ആരെങ്കിലും കാട്ടിനുള്ളിൽപ്പോയി വെടിവച്ച് കടുവയെ കാട്ടിൽനിന്ന് നാട്ടിലേയ്ക്ക് ഓടിക്കുന്നതല്ല. ആന ഒറ്റയാനായും ഭക്ഷണമില്ലാതെയും പുറത്തേയ്ക്കിറങ്ങും. പണ്ട് കാട്ടിനുള്ളിൽ ആനകൾ ഭക്ഷിക്കുന്ന പ്രകൃതിദത്തമായ ധാരാളം വിഭവങ്ങളുണ്ടായിരുന്നു. കൂടാതെ ഇപ്പോൾ കടുവകളുടെ എണ്ണവും കൂടിയിട്ടുണ്ട്. മുഖ്യമന്ത്രി കഴിഞ്ഞ ദിവസം വൈൽഡ് ലൈഫ് ആക്ടിനെക്കുറിച്ച് പറഞ്ഞിരുന്നു. അത് കേന്ദ്രത്തിന്റേതാണ്. അതിൽ ഭേദഗതികൾ വേണമെന്നതാണ് ഞങ്ങളുടെ നിലപാട്. Culling-നുള്ള അവകാശം നൽകണം. കേന്ദ്ര ഗവൺമെന്റ് കുറെ കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. പക്ഷെ ഇക്കാര്യത്തിൽ ഞങ്ങൾക്ക് എന്ത് ചെയ്യാൻ സാധിക്കുമെന്ന നിങ്ങളുടെ നിസംഗത ശരിയായ കാര്യമല്ല. കാട്ടിൽനിന്ന് ആനയും പുലിയും കടുവയും ഇറങ്ങുന്നു. പല സംസ്ഥാനങ്ങളിലും ഈ മൃഗങ്ങളെ തിരിച്ചോടിക്കാൻ, ജനവാസ മേഖലയിലേയ്ക്ക് കടക്കാതിരിക്കാൻ

ധാരാളം ആധുനികമായ സങ്കേതങ്ങൾ നടപ്പുവരുത്തുന്നുണ്ട്. നമ്മുടെ അയൽസംസ്ഥാനത്തിലെ ആന ശല്യമുള്ള സ്ഥലമായിരുന്ന വാൽപ്പറയിൽ ഇപ്പോൾ ആന ഇറങ്ങുകയില്ല. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് വന്യജീവികൾ കടക്കാതിരിക്കാനുള്ള എന്ത് പുതിയ സങ്കേതങ്ങളാണ് നിങ്ങൾ ഇവിടെ സ്വീകരിച്ചത്? നിങ്ങൾ ഇവിടെ പഴയ നടപടികളും പുതിയ നടപടികളും പ്രാവർത്തികമാക്കുന്നില്ല. ആരോ പറഞ്ഞ കണക്കുവച്ച് വന്യജീവി ആക്രമണം കുറഞ്ഞുവരികയാണെന്ന് പറയുകയാണ്. ജനങ്ങളാകെ ഭീതിയിലാണ്. കാരണം; ഒന്ന്, കാർഷിക മേഖല തകർന്നു രണ്ട്, ബഫർസോണിന്റെ വിഷയത്തിൽ തീരുമാനമായിട്ടില്ല. സമയമില്ലാത്തതുകൊണ്ടും നമ്മുടെ വിഷയമല്ലാത്തതുകൊണ്ടും അതിനെക്കുറിച്ച് പറയുന്നില്ല. ബഫർസോണിന്റെ വിഷയം ഇപ്പോഴും ആശങ്ക നിറഞ്ഞതാണ്. ഗവൺമെന്റ് വേണ്ട വിധത്തിൽ ആ വിഷയത്തിൽ ഇടപെട്ടിട്ടില്ല. അങ്ങ് പറഞ്ഞതുകൊണ്ടാണ് ഞാൻ ഇതേക്കുറിച്ച് പറയുന്നത്. ബഫർസോണിന്റെ വിഷയം, ഭൂമി പ്രശ്നങ്ങൾ, കാർഷിക മേഖലയിലെ തകർച്ച, വിലയിടിവ്, ക്ഷീരമേഖലയിലെ പ്രശ്നങ്ങൾ

ഇതിനോടൊപ്പം കുനിന്മേൽ കുരുവെന്നപോലെ ജീവിക്കാൻ നിവൃത്തിയില്ലാത്ത സാഹചര്യം, മലയോര ജനത സങ്കടപ്പെടുകയാണ്. അതുകൊണ്ടാണ് യു.ഡി.എഫ്.-ന്റെ നേതൃത്വത്തിൽ ഈ മാസം 25-ാം തീയതി മുതൽ ഫെബ്രുവരി 5-ാം തീയതി വരെ മലയോര സമരയാത്ര നടത്തുന്നത്. അവരോടൊപ്പംനിന്ന് അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി സമരം ചെയ്യേണ്ട കാര്യങ്ങളുണ്ടെങ്കിൽ സമരം ചെയ്യും. നേടിയെടുക്കേണ്ട കാര്യങ്ങളുണ്ടെങ്കിൽ നേടിയെടുത്ത് മലയോര ജനതയോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുന്ന സമര പരിപാടിയാണ് ഞങ്ങളുടേത്. അതുകൊണ്ടാണ് പ്രസ്തുത വിഷയം വളരെ ഗൗരവത്തോടുകൂടി ഇവിടെ കൊണ്ടുവന്നത്. അതിനോട് ലാഘവത്തോടുകൂടിയ, ഗൗരവമില്ലാത്ത മറുപടി, ഒന്നും ചെയ്യില്ലെന്നുള്ള തീരുമാനം സ്വീകരിച്ചതിൽ ശക്തിയായി പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, പ്രതിപക്ഷ നേതാവ് വളരെ വിശദമായി വന മേഖലയിലെ പ്രശ്നങ്ങൾ ഇവിടെ അവതരിപ്പിച്ചതുകൊണ്ട്

ഞാൻ അതേക്കുറിച്ച് ദീർഘിപ്പിച്ച് പറയുന്നില്ല. മലയോര മേഖലയിൽ എല്ലാം മനോഹരമാണെന്ന് പറയുമ്പോഴും നിലവിലെ സ്ഥിതി അതല്ലെന്ന് ലൈവായി കാണണമെങ്കിൽ ഇപ്പോൾ ടിവി ഓൺ ചെയ്താൽ മതി. ശ്രീ. പി. കെ. ബഷീറിന്റെ മണ്ഡലമായ ഊർങ്ങാട്ടിരിയിൽ ആന വീണുകിടക്കുകയാണ്. അതേക്കുറിച്ച് രാവിലെ ഫോൺ വിളിച്ചന്വേഷിച്ചപ്പോൾ ഇവിടത്തെ പ്രശ്നം വേലി കെട്ടാനുള്ള ഫണ്ടില്ലാത്തതാണെന്ന് മനസ്സിലാക്കി. സഭയിൽ അടിയന്തര പ്രമേയം വരുമ്പോൾ അതിന് യാന്ത്രിക മറുപടി നൽകിയതുകൊണ്ട് കാര്യമില്ല. ഇപ്പോൾ ആന വീണുകിടക്കുകയാണ്. ആനയെ കാട്ടിലേക്ക് വിടാൻ ജനങ്ങൾ സമ്മതിക്കുന്നില്ല. ആ ആന വീണ്ടും ആ മേഖലയിലേയ്ക്കുതന്നെ തിരിച്ചുവരുമെന്നതിനാൽ ആളുകൾ ബഹളമുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ഏറ്റവും വലിയ കുടിയേറ്റ മേഖലയും കാർഷിക മേഖലയുമായ മലയോര മേഖലയിലെ ജനങ്ങൾ ഭയചകിതരാണ്. ഇതിനൊരു പരിഹാരം വേണ്ടേ; നിസംഗതയ്ക്കും ഒരു അതിരില്ലേ? ഇക്കാര്യത്തിൽ ഞങ്ങളെക്കൊണ്ട് ഒന്നും ചെയ്യാൻ സാധിക്കില്ലെന്ന മറുപടിയാണ് സത്യത്തിൽ ഇന്ന് നിയമസഭയിലുണ്ടായത്. പിന്നെ ജനങ്ങളും പ്രതിപക്ഷവും ഈ വിഷയത്തിൽ

ഇടപെടാതിരിക്കുമോ? ഇവിടെ നിങ്ങൾ കൊണ്ടുവന്ന നിയമവും അതുപോലുള്ളതായിരുന്നു. ആ നിയമത്തിലെ ഓരോ വകുപ്പും വാച്ചറുടെ കാര്യവുമൊക്കെ അങ്ങിവിടെ വിശദമായി പറഞ്ഞു. അതിനോടുള്ള എതിർപ്പും പ്രതിപക്ഷത്തിന്റെ ഉറച്ച ശബ്ദവും കൊണ്ടുതന്നെയാണ് അത് പിൻവലിച്ചതെന്നത് ഒരു വസ്തുത മാത്രമാണ്. മലയോര മേഖലയിലെ ജനങ്ങളുടെ പ്രശ്നം സംബന്ധിച്ച് ഈ ഗവൺമെന്റിന്റെ നയത്തിൽ മാറ്റമുണ്ടാകാതെ ആ മേഖലയിൽ സുരക്ഷിതത്വം നിലനിർത്താൻ സാധിക്കില്ല. ഇവിടെ എല്ലാം മനോഹരമാണെന്ന് പറയുമ്പോഴും ടിവി തുറന്നാൽ ആന വീണ് കിടക്കുന്നതും ആനയെ കയറ്റുന്ന ഫോറസ്റ്റ് ഉദ്യോഗസ്ഥരെയും അവരെ എതിർത്തുകൊണ്ടിരിക്കുന്ന ജനങ്ങളെയും ലൈവായി കാണാൻ സാധിക്കും. മലയോരമേഖലയിലെ കാര്യങ്ങൾ വലിയ അവതാളത്തിലാണെന്നതിൽ ഒരു സംശയവുമില്ല. യാതൊരു സുരക്ഷിതത്വവുമില്ല, ഇങ്ങനെയൊരു കാലമുണ്ടായിട്ടില്ലെന്നുള്ളത് വസ്തുതയാണ്. മലയോര മേഖലയോട് ഈ സമീപനമെടുക്കുന്ന ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് സഭ ബഹിഷ്കരിക്കുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. മോൻസ് ജോസഫ്: സർ, കാട്ടാന ആക്രമണത്തിൽ നിലമ്പൂർ ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ നിരവധി സാധാരണക്കാരായ മനുഷ്യർ മരണപ്പെടുന്ന സാഹചര്യമുണ്ടായിട്ടും ഈ വിഷയത്തിന്റെ ഗൗരവം ചൂണ്ടിക്കാണിച്ചുകൊണ്ട് നിരവധിയായ ഇടപെടലുകൾ നടത്തിയിട്ടും സർക്കാരിന്റെ ഭാഗത്തുനിന്നും സ്വീകരിക്കേണ്ടതായ നടപടികൾ കാര്യക്ഷമമായി സ്വീകരിക്കാൻ തയ്യാറാകാതെ വന്ന പശ്ചാത്തലത്തിലാണ് സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന ആവശ്യം പ്രതിപക്ഷം ഉന്നയിച്ചത്. നടപ്പാക്കാൻ സാധിക്കുന്നതായ നിരവധി കാര്യങ്ങൾ ചെയ്യാൻ സംസ്ഥാന ഗവൺമെന്റ് മുന്നോട്ട് വരുന്നില്ലെന്നുള്ള കാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും പ്രതിപക്ഷ ഉപനേതാവും ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഗൗരവമുള്ള വിഷയമാണിതെന്ന് തത്വത്തിൽ സമ്മതിക്കുകയുണ്ടായി. എന്നാൽ ഇപ്പോൾ ചർച്ച ചെയ്യാൻ സാധിക്കില്ലെന്നാണ് അദ്ദേഹത്തിന്റെ നിലപാട്.

ഇപ്പോൾ ചെയ്യേണ്ട കാര്യം ഇപ്പോൾ ചെയ്യുന്നില്ലെങ്കിൽ ആളെല്ലാം മരിച്ചതിനുശേഷവും കൃഷിയിടങ്ങളെല്ലാം നശിച്ചതിനുശേഷവും ഇതെല്ലാം കഴിഞ്ഞിട്ട്...... വണ്ടി പോയിട്ട് കൈ കാണിക്കുന്നതുപോലെ ഇതെല്ലാം കഴിഞ്ഞ് ചർച്ച ചെയ്യാമെന്ന് പറയുന്നത് ഗവൺമെന്റിന്റെ നിഷേധാത്മകമായ നിലപാടാണെന്ന് കാണേണ്ടതുണ്ട്.

ഇവിടെ ഒരു കാര്യംകൂടി ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. വന നിയമം കൊണ്ടുവരുമ്പോൾ ഞങ്ങൾ അതിനെ ശക്തമായി എതിർത്തു. പ്രതിപക്ഷത്തിന്റെ ശക്തമായ എതിർപ്പ് ഉയർന്നുവന്നപ്പോഴും ഗവൺമെന്റ് ആദ്യം സ്വീകരിച്ച നിലപാട് വന നിയമം നടപ്പാക്കും എന്നുതന്നെയാണ്. അതിനുശേഷം കേരള കോൺഗ്രസ്സ് (എം.)-ന്റെ എതിർപ്പ് വന്നു. കേരള കോൺഗ്രസ്സ് (എം.)-ന്റെ എതിർപ്പ് വന്നപ്പോൾ, കേരള കോൺഗ്രസ്സ് (എം.)-ന്റെ പ്രതിനിധി കൂടി പങ്കെടുത്ത മന്ത്രിസഭാ യോഗത്തിലാണ് വന നിയമം കൊണ്ടുവരാൻ തീരുമാനിച്ചതെന്നും പിന്നെ അവരുടെ പാർട്ടി എതിർക്കേണ്ട കാര്യമുണ്ടോയെന്നുമാണ് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി കേരളാ കോൺഗ്രസ്സ് (എം.)-നോട് ചോദിച്ചത്. ഇതെല്ലാം സംഭവിച്ച കാര്യങ്ങളാണ്.

അവസാനം നിങ്ങൾ തടിയൂരാൻ വേണ്ടിയും പരിരക്ഷിക്കാൻ വേണ്ടിയും നാടകം കളിച്ചു. ഞങ്ങൾ സ്വീകരിച്ച നിലപാട് അതല്ല. കേരളത്തിലെ പ്രതിപക്ഷം സ്വീകരിച്ച നിലപാട് വനനിയമം നടപ്പാക്കാൻ അനുവദിക്കില്ലെന്നാണ്. ഞങ്ങൾ ഇക്കാര്യത്തിൽ രാഷ്ട്രീയത്തിനതീതമായി സഹകരിക്കുന്നവരാണ്. അതുകൊണ്ടാണ് ബഹുമാനപ്പെട്ട ശ്രീ. പി. ജെ. ജോസഫിന്റെ നേതൃത്വത്തിൽ ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ മലയോര ജനതയ്ക്കുവേണ്ടി ഒരു നിയമ ഭേദഗതി, ചെറിയ ഒരു sub clause ഇവിടെ അവതരിപ്പിച്ചപ്പോൾ ഞങ്ങൾ അതിനെ അനുകൂലിച്ചു. ശരിയാണ്, കാരണം ചെറിയ ഉപകാരമെങ്കിലും മലയോരമേഖലയിലെ ജനങ്ങൾക്ക് ലഭിക്കുന്നെങ്കിൽ ലഭിക്കട്ടെ എന്ന് വിചാരിച്ചാണ് അനുകൂലിച്ചത്. അദ്ദേഹവും ഞാനും എല്ലാം അതിനെ അനുകൂലിച്ച് വോട്ട് ചെയ്തിട്ടുണ്ട്. പക്ഷെ നിയമസഭയ്ക്ക് പുറത്തേയ്ക്ക് വന്നപ്പോൾ, മലയോരമേഖലയിലെ എല്ലാ പ്രശ്നങ്ങളും പരിഹരിച്ചിരിക്കുന്നു എന്ന ഒരു വലിയ പ്രചാരണം കൊടുത്തു. അവിടെ ഇന്ന് ഒരു വീട് വയ്ക്കാൻപോലും അനുവാദം ലഭിക്കുന്നില്ല. ഇന്ന് ജനങ്ങൾ ആശങ്കയിലാണ്. വലിയ പ്രതിസന്ധി

തുടരുകയാണ്. അതുകൊണ്ട് എല്ലാ പ്രശ്നങ്ങളും പരിഹരിച്ചുവെന്ന നിലയിൽ എൽ.ഡി.എഫ്.-ന്റെ അഭിമുഖ്യത്തിൽ പ്രചരണം നടത്തിയപ്പോൾ ഞങ്ങൾ ശക്തമായി തിരിച്ചടിച്ചു. അവിടത്തെ പ്രശ്നങ്ങൾ പരിഹരിച്ചിട്ടില്ല, ജനങ്ങൾ ബുദ്ധിമുട്ടനുഭവിക്കുകയാണ്. നിയമസഭയ്ക്ക് അകത്ത് സ്വീകരിക്കുന്ന നിലപാട് പുറത്ത് സ്വീകരിക്കുന്ന നിലപാട്, രണ്ടും മലയോര കർഷകർക്കുവേണ്ടിയാണ്.

അക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചയുമില്ല. യു.ഡി.എഫ്. 27-ാം തീയതി മുതൽ ആരംഭിക്കുന്ന സമരത്തിൽ കേരളാ കോൺഗ്രസ്സ് പാർട്ടി ശ്രീ. പി. ജെ. ജോസഫിന്റെ നേതൃത്വത്തിൽ ശക്തമായി മലയോര ജനതയ്ക്കുവേണ്ടി പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് സമരമുഖത്തേയ്ക്ക് ഇറങ്ങുകയാണെന്ന് അറിയിച്ചുകൊണ്ടും സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ടും ഈ വാക്കൗട്ടിൽ പങ്കെടുക്കുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, വന്യജീവി ആക്രമണം തടയുന്നതിൽ ക്രിയാത്മകമായ സമീപനം ഗവൺമെന്റ് സ്വീകരിക്കുന്നില്ലെന്നതാണ്

ഇന്നിവിടെ ഉന്നയിച്ച പ്രധാനപ്പെട്ട ആക്ഷേപങ്ങളിൽ ഒന്ന്. അത് യഥാർത്ഥ്യവുമാണ്. അതിന്റെ ഭാഗമായിട്ടാണ് വന്യജീവി ആക്രമണങ്ങളുടെ വർദ്ധനവ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ആയിരക്കണക്കിന് ആൾക്കാരാണ് ഇതുമായി ബന്ധപ്പെട്ട് കൊല്ലപ്പെട്ടിട്ടുള്ളത്. കൃഷിനാശം വ്യാപകമായ തോതിലുണ്ടാകുന്നു. ഇത് ആ മേഖലയിലെ ജനങ്ങളെ ഭീതിയിലാഴ്ത്തുകയും സ്വാഭാവികമായ കുടിയിറക്കത്തിലേയ്ക്ക് ആ പ്രദേശത്തിലെ ജനങ്ങളെ കൊണ്ടെത്തിക്കുകയുമാണ് ചെയ്യുന്നത്. 2018-19-ൽ വന്യമൃഗാക്രമണം തടയുന്നതിനായി സർക്കാർ 6.28 കോടി രൂപയാണ് ചെലവഴിച്ചത്. 2022-23-ൽ അത് 3.1 കോടി രൂപയായി കുറഞ്ഞുവെന്നതാണ് ഗവൺമെന്റിന്റെ കണക്കുകളിൽ കാണാൻ സാധിക്കുന്നത്. അതിൽത്തന്നെ വളരെ വ്യക്തമായി ഗവൺമെന്റിന്റെ ഇക്കാര്യത്തിലുള്ള ഇടപെടലുകളുടെ പരാജയമാണ് കാണുന്നത്. കഴിഞ്ഞ ദിവസം കോതമംഗലത്ത് 45 വയസ്സുള്ള എൽദോസ് എന്ന യുവാവ് ആന ആക്രമണത്തിൽ കൊല്ലപ്പെടുകയുണ്ടായി. ഈ വിഷയം അങ്ങ് ഇതുമായി ചേർത്ത് വായിച്ചാലും മതി. കാട്ടാനയുടെ സാന്നിധ്യം ആ പ്രദേശത്തുണ്ടെന്ന് ജനങ്ങളുടെ നിരന്തരമായ പരാതിയുണ്ടായിട്ടും വനം വകുപ്പ്

അനങ്ങിയില്ലെന്ന പരാതി അവിടെ വന്നു. അതാണവിടെ വലിയ പ്രക്ഷോഭത്തിലേയ്ക്ക് വന്നത്. ജില്ലാ കളക്ടർ അടക്കമുള്ള ഉദ്യോഗസ്ഥരെ ജനങ്ങൾ മണിക്കൂറുകളോളം തടഞ്ഞുവയ്ക്കുകയും വലിയ സംഘർഷാവസ്ഥയിലേയ്ക്ക് പോകുകയും ചെയ്തു. വന്യമൃഗങ്ങളുടെ സാന്നിധ്യമുണ്ടെന്നറിയുമ്പോഴും വനം വകുപ്പ് അനങ്ങുന്നില്ലെന്ന വിഷയമാണ് ആക്രമണം വർധിക്കാനുള്ള കാരണം. ഇത് മലയോരമേഖലയിൽ വലിയ രീതിയിലുള്ള ഭീതി ജനങ്ങൾക്കിടയിലുണ്ടാക്കുന്നു. പ്രസ്തുത വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി)

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി.)